# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P22/510/2023 dt.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രസഹിതം)
2. റീജ്യണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്,കൊച്ചി,എറണാകുളം (ഉപരിപത്രസഹിതം)
3. ഓഫീസ് പകർപ്പ്

നമ്പർ: No.KSA PKD-P22/510/2023 dt. തീയ്യതി: 12/04/2023

## പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-07-2022 മുതൽ 16-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.അരവിന്ദാക്ഷൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-01-2023 | 30-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-01-2023 | 30-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ശ്രീ.കെ.പി.രാമകൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.എം.വി.ബീന,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഷഹീർ എസ്,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.കെ.എ.മോഹനൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.രാമചന്ദ്രൻ | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.നൗഷാദ് എ | സെക്രട്ടറി | 01-04-2021 | 17-09-2021 |
| ശ്രീ.ഷിനോജ് വി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-09-2021 | 23-09-2021 |
| ശ്രീ.ആർ.ശിവകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-09-2021 | 30-09-2021 |
| ശ്രീമതി.എച്ച്.സീന | സെക്രട്ടറി | 01-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഷിനോജ് വി.എസ് | അസി.എഞ്ചിനീയർ | 01-04-2021 | 15-12-2021 |
| ശ്രീമതി.രജിത കെ | അസി.എഞ്ചിനീയർ ഇൻ ചാർജ് | 16-12-2021 | 19-12-2021 |
| ശ്രീ.വി.ഹരികൃഷ്ണൻ | അസി.എഞ്ചിനീയർ | 20-12-2021 | 31-03-2022 |
| ശ്രീമതി. വി.സി.കാർത്ത്യായനി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുനിൽകുമാർ എൻ.വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എം.കെ.മുഹമ്മദ് ഷരീഫ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 14-07-2021 |
| ഡോ.നവ്യ അന്നൂക്കൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 15-07-2021 | 12-09-2021 |
| ഡോ.എം.കെ.മുഹമ്മദ് ഷരീഫ് | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 13-09-2021 | 22-11-2021 |
| ഡോ.നവ്യ അന്നൂക്കൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 23-11-2021 | 31-03-2022 |
| ഡോ.പി.ജി.രാജേഷ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 29-11-2021 |
| ഡോ.പ്രേംകുമാർ | സീനിയർ വെറ്ററിനറി സർജൻ | 30-11-2021 | 28-02-2022 |
| ഡോ.പി.ജി.രാജേഷ് | സീനിയർ വെറ്ററിനറി സർജൻ | 01-03-2022 | 31-03-2022 |
| ഡോ.സമീർ ബാബു | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.ഷഫ്ന മറിയം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ.പി.എ.ഷാജഹാൻ | പ്രിൻസിപ്പാൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ജി.വി.എച്ച്.എസ്.എസ്.ചെർപ്പുളശ്ശേരി | | |
| ശ്രീ.കെ.ജി.അനിൽ | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴി**ൽ** നികുതി അപാകങ്ങൾ | 1-11 |
| 13 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകങ്ങൾ | 1-12 |
| 14 | വസ്തു നികുതി - കുടിശ്ശികയുടെ കണക്ക് കൃത്യമല്ല | 1-13 |
| 15 | തൃതീയ മേഖലകളിൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു - നികുതി നഷ്ടം | 1-14 |
| 16 | വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-15 |
| 17 | വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 18 | നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-17 |
| 19 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-17-1 |
| 20 | വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കേണ്ടതാണ് | 1-17-2 |
| 21 | ചട്ട പ്രകാരമുള്ള സംവരണം നൽകേണ്ടതാണ് | 1-17-3 |
| 22 | വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ വാടക കുടിശ്ശിക ചേർക്കേണ്ടതാണ് | 1-17-4 |
| 23 | വാടക ബൈലോ - അംഗീകാരം ലഭ്യമാക്കിയിട്ടില്ല | 1-17-5 |
| 24 | സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു | 1-18 |

| | | |
|---|---|---|
| 25 | തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നു | 1-19 |
| 26 | അനധികൃത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 1-20 |
| 27 | കെട്ടിടങ്ങളുടെ ക്രമവൽക്കരണം - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-21 |
| 28 | വിനോദ നികുതി - യഥാർത്ഥത്തിൽ വിറ്റിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-22 |
| 29 | ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചത് - തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-23 |
| 30 | ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവിനുള്ള അവകാശം - അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-24 |
| 31 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികതി നിർണ്ണയിച്ചു - നികുതി നഷ്ടം | 1-25 |
| 32 | മൊബൈൽ ടവർ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും തുടർ നടപടി സ്വീകരിച്ചിട്ടില്ല | 1-26 |
| 33 | മരാമത്ത് പ്രവൃത്തികളുടെ അവലാകനം | 1-27 |
| 34 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല. | 1-28 |
| 35 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-29 |
| 36 | പ്രത്യേക കന്നുകുട്ടി പരിപാലനം- പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭിച്ചിട്ടില്ല. | 1-30 |
| 37 | അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യൽ- നടപടിക്രങ്ങൾ സുതാര്യമല്ല | 1-31 |
| 38 | വെറ്ററിനറി സർജ്ജൻ- പദ്ധതി നിർവ്വഹണം ചെലവുകൾ മുഴുവനായും അക്കൗണ്ട് ചെയ്തിട്ടില്ല | 1-32 |
| 39 | കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് വിരുദ്ധമായി മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങി | 1-33 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-34 |
| 41 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി | 1-35 |
| 42 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-36 |
| 43 | മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- ശമ്പളത്തിൽനിന്നും വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്യതിട്ടില്ല. | 1-37 |

| | | |
|---|---|---|
| 44 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-38 |
| 45 | അങ്കണവാടി പോഷകാഹാര പരിപാടി - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-39 |
| 46 | ക്യാഷ് ബുക്കിൽ ചെലവുകൾ രേഖപ്പെടുത്തിയില്ല. | 1-40 |
| 47 | തരിശുഭൂമിയിലെ കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല | 1-41 |
| 48 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികൾ - ചെലവുകൾ പൂർണ്ണമായി അക്കൗണ്ട് ചെയ്തിട്ടില്ല | 1-42 |
| 49 | അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി അവലോകനം | 1-43 |
| 50 | പി.എം.എ.വൈ ഭവന പദ്ധതി- അവലോകനം | 1-44 |
| 51 | എൻ .യു .എൽ .എം പദ്ധതി - അവലോകനം | 1-45 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- ശമ്പളത്തിൽനിന്നും വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്തതിട്ടില്ല. | 3-1 |
| 2 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകൾ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് 22/02/2021 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1/30-3-2022). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 20284606 | 807863007 | 828147613 | 802960507 | 25187106 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 21-06-2022 |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.
2)Schedule RP-40(b) യും B-4 ഉം തമ്മിൽ പൊരുത്തപ്പെടുന്നില്ല. പല ബാധ്യതകളും B-4 ൽ ഉൾപ്പെട്ടിട്ടില്ല.

3) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

4)സ്ഥാപനത്തിലെ വാർഷിക ധനകാര്യ പത്രികയിലെ വിവിധ വരവുകൾ അനുബന്ധ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക എ.ഇ.ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

6)ലോൺ വരവ്,ചെലവ്,തിരിച്ചടവ് വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ലോൺ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

7)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

8) 2011 ലെ കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32996346 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 162884165 |
| ആകെ | 195880511 |
| ചെലവ് | 153751900 |
| നീക്കിയിരിപ്പ് | 42128611 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 15473533 | 15473533 | 15473533 | 0 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 13181000 | 13181000 | 13124867 | 56133 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 20031000 | 20031000 | 17210273 | 2820727 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 5187522 | 5187522 | 4757533 | 429989 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Basic Untied-- ട്രഷറി | 0 | 487577 | 487577 | 487577 | 0 |
| ---- Do---ബാങ്ക് | 0 | 8370000 | 8370000 | 8146304 | 223696 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied-- ട്രഷറി | 0 | 1415405 | 1415405 | 838014 | 577391 |
| ------ Do-------ബാങ്ക് | 0 | 12555000 | 12555000 | 9407196 | 3147804 |

കേന്ദ്രാവിഷ്കൃത ഫണ്ട്

| | | | | | |
|---|---|---|---|---|---|
| 1.(PMAY SB ACCOUNT -ICICI-210801000731<br>2.(PMAY-ICICI-210805500088 | 3733030<br>23000 | 4289289<br>4,200,000 | 8022319<br>4223000 | 5660000<br>4,200,000 | 2362319<br>23000 |
| NULM | 357838 | 42445 | 400283 | 400283 | 0 |

സംസ്ഥാനാവിഷ്കൃതഫണ്ട്

| | | | | | |
|---|---|---|---|---|---|
| AUEGS | 727719.45 | 10072477 | 10800196 | 8426147.50 | 2374048.95 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 395 | 144470352 | 236 | 88072533 | 0 | 159 | 59.74 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 5274331 | 4697377 | 89.06 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 7706694 | 4686331 | 60.80 |
| സെക്രട്ടറി | 43 | 31 | 26634301 | 20400791 | 76.59 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 287 | 161 | 74287792 | 39195525 | 52.76 |
| മെഡിക്കൽ ഓഫീസർ-CHC | 5 | 4 | 3322636 | 2377500 | 71.55 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 1025000 | 1025000 | 100 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 275000 | 275000 | 100 |
| വെറ്ററിനറി സർജ്ജൻ | 8 | 5 | 2871000 | 654848 | 22.80 |
| പ്രിൻസിപ്പൽ, GVHSS | 14 | 7 | 6931398 | 4774200 | 68.87 |
| ഹെൽത്ത് ഓഫീസർ | 19 | 13 | 16142200 | 9985961 | 61.86 |
| ആകെ | 395 | 236 | 144470352 | 88072533 | 60.96 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളി കളുടെ കൂലി | 727719.45 | 10072477 | 10800196.45 | 7846498 | 0 |
| അഡ്മിനി സ്ട്രേറ്റീവ് ചെലവ് | | | | 579649.5 | 2374048.95 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികളിലൂടെ ചെലവഴിച്ച തുകകളുടെയും ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8209800 | 534 |
| വിധവാപെൻഷൻ | 25841500 | 1619 |
| വാർദ്ധക്യകാലപെൻഷൻ | 45049800 | 2797 |
| വികലാംഗപെൻഷൻ | 7796100 | 493 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3233700 | 187 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-01-2023 ന് ഉച്ചക്ക് ശേഷം 3 മണിക്ക് ഓഫീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തി. 39818/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്

ക്യാഷ് ബുക്ക് ബാലൻസും യഥാർത്ഥ ക്യാഷ് ബാലൻസും പരിശോധിച്ച് അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. പ്രതിദിന കളക്ഷൻ യഥാസമയം അക്കൗണ്ട് ചെയ്യേണ്ടതാണ്. പ്രതിമാസ റിക്കൺസിലിയേഷൻ നടത്തുന്നില്ല. പ്രതിമാസ വരവ് ചെലവുകൾ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി ഈടാക്കിയതായി കാണുന്നു. എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തുനികുതി നിരക്ക് നിരക്ക് നിശ്ചയിക്കേണ്ടതാണ്. ക്രമവൽക്കരണത്തിനുള്ള അപേക്ഷകളിൽ യഥാസമയം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ത്രിതീയ മേഖലയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങളെ അവയ്ക്ക് ബാധകമാകുന്ന മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും വസ്തു നികുതി ഇനത്തിലുള്ള നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

വാടകക്കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. വാടകക്കരാർ ചട്ടപ്രകാരം ചമക്കേണ്ടതാണ്. വാടകയിൻമേൽ വാർഷിക വർദ്ധനവ് വരുത്തേണ്ടതാണ്.

ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.വിനോദ നികുതി GST ഒടുക്കിയ കെട്ടിടങ്ങളുടെ എണ്ണത്തിന് അനുസൃതമായി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായും പൂർണ്ണമായും എഴുതി തയ്യാറാക്കേണ്ടതാണ്.

കൂടുതൽ വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല. നിഷ്ക്രിയ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ച ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-02-2022 മുതൽ 02-03-2022 വരെ | 01-04-2018 മുതൽ 31-03-2022 വരെ | 07-05-2022 |

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2021-22വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | Demand | Collection |
|---|---|---|---|
| 1 | Profession Tax – Employees | 2507417 | 2437467 |
| 2 | Profession Tax – Institutions/Professionals/ Traders | 1317500 | 1280905 |
| | ആകെ | 3824917 | 3718372 |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ ജീവനക്കാരുടെ പേര്, തസ്തിക, അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. റിട്ടേണുകൾ ക്രമ നമ്പർ ഇട്ട് സൂക്ഷിക്കുന്നില്ല. റിട്ടേൺ പ്രകാരം തൊഴിൽ നികുതി അടവാക്കിയ ഒട്ടേറെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ തൊഴിൽ നികുതിതിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

(A) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എ.എൽ.പി സ്കൂൾ, പന്നിയംകുറുശ്ശി ഈസ്റ്റ് | രണ്ടാം അർദ്ധവർഷം |
| 2 | ജി.എൽ.പി.സ്കൂൾ, കരുമനാംകുറുശ്ശി | ഒന്നാം അർദ്ധവർഷം |
| 3 | മലബാർ പോളി | ഒന്നാം |

| | | |
|---|---|---|
| | ടെക്നിക്ക് ക്യാംപസ് | അർദ്ധവർഷം |
| 4 | KPIP (AE) കനാൽ സബ്ഡിവിഷൻ | രണ്ടാം അർദ്ധവർഷം |
| 5 | ചെമ്മണ്ണൂർ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| 6 | ശ്യാമപ്രസാദ്. എം. (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) പ്രോഗ്രാം മാനേജർ | രണ്ടാം അർദ്ധവർഷം |

(B) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | അബ്ബാസ്, പത്തായം സൂപ്പർ മാർക്കറ്റ് | രണ്ടാം അർദ്ധ വർഷം | 15/1434 |
| 2 | അലി അക്ബർ, മംഗള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് വർക്സ് | രണ്ടാം അർദ്ധ വർഷം | 26/349 |
| 3 | ഹൈദറലി പള്ളിപ്പറമ്പിൽ | രണ്ടാം അർദ്ധ വർഷം | 17/260 |
| 4 | മുഹമ്മദ് ഷാഫി. കെ.ടി. ഗ്ളാസ്സ് സെയിൽ | രണ്ടാം അർദ്ധ വർഷം | 14/211 |

(C) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കവിതാ ഗോൾഡ് & ഡയമന്റ്സ്, ചെർപ്പുളശ്ശേരി | രണ്ടാം അർദ്ധ വർഷം |
| 2 | പി.എൻ.വി. സഭ ഫൈനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |
| 3 | ചെർപ്പുളശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, | രണ്ടാം അർദ്ധ |

| | | |
|---|---|---|
| | ചെർപ്പുളശ്ശേരി. | വർഷം |
| 4 | മറിയ ഡെന്റൽ ക്ളിനിക്ക്, ചെർപ്പുളശ്ശേരി | രണ്ടാം അർദ്ധ വർഷം |
| 5 | ആനന്ദൻ. എം. ലൈഫ് ലൈൻ ഫാർമസ്യൂട്ടിക്കൽസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 6 | ബാങ്ക് ഓഫ് ബറോഡ | രണ്ടാം അർദ്ധ വർഷം |
| 7 | മാനേജർ, മാക്സ് വാല്യൂ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് | രണ്ടാം അർദ്ധ വർഷം |
| 8 | മന്ദിർ വികാസ് നിധി ലിമിറ്റഡ്, ചെർപ്പുളശ്ശേരി | രണ്ടാം അർദ്ധ വർഷം |
| 9 | ഇന്ദു ഇൻഡസ് മാർക്കറ്റിംഗ് ഓഫ് ഫിനാൻസ് ലിമിറ്റഡ് | രണ്ടാം അർദ്ധ വർഷം |

(D) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2021-22 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 7/21-01-2023 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ 1, 2 ലും സൂചിപ്പിച്ച ഡിമാന്റ്, കളക്ഷനിൽ ഈടാക്കിയിട്ടില്ലാത്ത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും, (A) തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഡിമാന്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും, (B) തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, (C) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും, (D) ചെർപ്പുളശ്ശേരി നഗരസഭ പ്രദേശത്തെ പൊതു വിതരണ കേന്ദ്രങ്ങളുടെ ലിസ്റ്റ് ആവശ്യപ്പെട്ട് താലൂക്ക് സപ്ളൈ ഓഫീസർ ഒറ്റപ്പാലത്തിന് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമല്ലാത്തതിനാൽ, ഒരിക്കൽ കൂടി താലൂക്ക് സപ്ളൈ ഓഫീസർക്ക് കത്ത് നൽകി വിവരങ്ങൾ ശേഖരിച്ച് നികുതി ഈടാക്കി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ഡിമാന്റ് രജിസ്റ്ററിൽ വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ അപാകങ്ങൾ

എസ്.ആർ.ഒ നമ്പർ 857/2020/09.12.2020 പ്രകാരം (30.10.2020 ലെ ജി.ഒ.(പി)നം62/2020/ ത.സ്വ.ഭ.വ) കേരള മുനിസിപ്പാലിറ്റി(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം അസ്സൽ ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. പുതുക്കിയ പട്ടിക-III പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ പട്ടിക-I, പട്ടിക-II എന്നിവയ്ക്കു കീഴിൽ കൊണ്ടു വന്ന് വേർതിരിച്ചിട്ടുണ്ട്. നിലവിൽ ലൈസൻസ് ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാണ് അറിയപ്പെടുന്നത്.

നഗരസഭയിൽ 2021-22 സാമ്പത്തിക വർഷം മുതൽ പുതുക്കിയ ഭേദഗതി ചട്ടങ്ങൾ പ്രകാരമാണ് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് അനുവദിച്ചു തുടങ്ങിയിട്ടുള്ളത്. നിലവിൽ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്.

2021-22 സാമ്പത്തിക വർഷം 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് അനുവദിച്ചതിന്റെ കൃത്യത പരിശോധിക്കുന്നതിനായി ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ 33 വാർഡുകളിലായി ആകെ 1056 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. തൻ വർഷം നഗരസഭാ പരിധിയിലെ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്നതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

(A) ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഡിമാന്റിനേക്കാൾ കുറഞ്ഞ തുക ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | ഡിമാന്റ് | കളക്ഷൻ | രശീത് നമ്പർ |
|---|---|---|---|---|---|
| 1 | 18/166 | പാത്തുണ്ണി പി.എം.വുഡ് ഇൻഡസ്ട്രീസ്, ചെർപ്പുളശ്ശേരി | 4750 | 500 | 12003043378/26-02-21 |
| 2 | 18/476 | സുരേഷ്ബാബു, എം.പി.സ്റ്റോഴ്സ് | 750 | 500 | 120030114473 /08-03-21 |
| 3 | 22/172(1) | പ്രഭാഷ്. എം. ഹെൽത്ത് കെയർ ഷോപ്പ് | 750 | 500 | 120030116081 /20-03-21 |
| 4 | 22/257(12) | ബാലചന്ദ്രൻ, റോയൽ | 1000 | 500 | 120030114242/06-03-21 |

| | | | | | |
|---|---|---|---|---|---|
| | | ക്ളാസിക് ഡോർ & വിൻഡോസ് | | | |
| 5 | 22/253 | മൊയ്തീൻ, അൽ മനാഫ് ഫിഷ് & ചിക്കൻ സ്റ്റാൾ | 1500 | 500 | 1200063230 (ഡിമാന്റ് രജിസ്റ്ററിൽ ശരിയായ രശീത് നമ്പർ അല്ല കാണിച്ചിരിക്കുന്നത്)/ 03-03-21 |
| 6 | 22/270 (1,2,3,4,5) | മുഹമ്മദ് അഷറഫ്, സോഫ സിറ്റി ഫർണിച്ചർ | 1000 | 500 | 1200060203 (ഡിമാന്റ് രജിസ്റ്ററിൽ ശരിയായ രശീത് നമ്പർ അല്ല കാണിച്ചിരിക്കുന്നത്)/ 25-02-21 |
| 7 | 23/343 | ടിപി. രാജശേഖരൻ, ശാരതാംബ കമ്മ്യൂണിറ്റി ഹാൾ | 3000 | 1000 | 1200060859 (ഡിമാന്റ് രജിസ്റ്ററിൽ ശരിയായ രശീത് നമ്പർ അല്ല കാണിച്ചിരിക്കുന്നത്)/ 23-03-21 |
| 8 | 23/389 (389-1) | കൃഷ്ണകുമാർ. എം. കൃഷ്ണ ഫോട്ടോഗ്രാഫി സ്റ്റുഡിയോ | 1000 | 500 | 1200060368 (ഡിമാന്റ് രജിസ്റ്ററിൽ ശരിയായ രശീത് നമ്പർ അല്ല കാണിച്ചിരിക്കുന്നത്)/ 05-03-21 |
| 9 | 21/44 | അബ്ദുൾ സമദ്, പ്രസിഡന്റ് സി.എം. ഓഡിറ്റോറിയം | 5000 | 500 | 120030115588/(ഡിമാന്റ് രജിസ്റ്ററിൽ കാണിച്ചിരിക്കുന്ന തിയതി : 27-02-21) (ഡെ ബുക്കിലെ തിയതി : 18-03-21) |

(B) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്ത് പ്രകാരം റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾക്ക് ലൈസൻസ് എടുത്തതായി കാണുന്നില്ല.

നിലവിൽ നഗരസഭാ പരിധിയിലെ റേഷൻകടകളുടെ എണ്ണം, അവയ്ക്ക് ലൈസൻസ് എടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 14/23-01-2023 ന് നൽകിയ മറുപടിയിൽ 2021 വർഷം കോവിഡ് - 19 വ്യാപകമായതിനാലും സ്ഥാപനങ്ങൾ പൂർണ്ണമായും തുറന്നുപ്രവർത്തിക്കാത്ത സാഹചര്യത്തിലുമാണ് ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതെന്നും, ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് ഇനിയുള്ള വർഷങ്ങളിൽ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. (A) 2021-22 സാമ്പത്തിക വർഷത്തെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്ന

സമയത്ത് മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയത്. നിലവിലുള്ള ഡിമാന്റ് നഗരസഭയുടെ ഷെഡ്യൂൾ പ്രകാരമാണ് വന്നിട്ടുള്ളത്. ആയത് കാരണമാണ് ഡിമാന്റ് തുകയും, കളക്ഷൻ ചെയ്ത തുകയും തമ്മിൽ വ്യത്യാസം വരാനുള്ള സാഹചര്യം ഉണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 1 മുതൽ 9 വരെയുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത് ഓഡിറ്റ് വേളയിൽ പരിശോധിച്ച് ശരിയായ രശീത് നമ്പറും, കളക്ഷൻ തുകയുമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. (B) ചെർപ്പുളശ്ശേരി നഗരസഭാ പരിധിയിൽ പ്രവർത്തിച്ച് വരുന്ന മുഴുവൻ റേഷൻ കടകൾക്കും അടിയന്തിരമായി നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും വാർഡ് തിരിച്ചുള്ള കൃത്യമായ ഡാറ്റാ ബേസ് തയ്യാറാക്കേണ്ടതും ഓരോ വർഷവും പുതിയതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്. നഗരസഭയിലെ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ എല്ലാ കച്ചവടക്കാരും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-13 വസ്തു നികുതി - കുടിശ്ശികയുടെ കണക്ക് കൃത്യമല്ല

നഗരസഭയുടെ 2021-22 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 13829195.9/- രൂപ (തൻവർഷ കുടിശ്ശിക) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

2021-22 വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂളിൽ വസ്തു നികുതി ഇനത്തിലെ തൻവർഷ കുടിശ്ശിക വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും മുൻവർഷങ്ങളിലെ കുടിശ്ശിക വിവരം ചേർത്തിട്ടില്ല. മാത്രമല്ല RP-37 ഷെഡ്യൂളിൽ വസ്തു നികുതി ഇനത്തിലെ മുൻവർഷ കുടിശ്ശികയായ 10822917 രൂപ പിരിച്ചതായി കാണുന്നു. എന്നാൽ ടി കുടിശ്ശിക വിവരം 2020-21, 2019-20 എന്നീ വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രികകളിലെ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ B-15 ഷെഡ്യൂളിൽ വസ്തു നികുതി ഇനത്തിലെ മുൻവർഷങ്ങളിലെ കുടിശ്ശിക വിവരം ചേർക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/18.01.2023) 2022-23 ലെ വാർഷിക ധനകാര്യ പത്രികയിൽ പ്രസ്തുത വിവരം ചേർക്കുന്നതാണെന്നും നിലവിൽ വസ്തു നികുതി കുടിശ്ശികയായി 67578000 രൂപ (തൻ വർഷം - 30707000 രൂപ, മുൻ വർഷം - 36871000 രൂപ) പിരിച്ചെടുക്കാൻ ബാക്കിയുള്ളതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വാർഷിക ധനകാര്യ പത്രികയിലെ ബാലൻഷീറ്റിൽ (B-15) വസ്തു നികുതി ഇനത്തിലുള്ള തൻ വർഷത്തെയും മുൻ വർഷത്തെയും യഥാർത്ഥ കുടിശ്ശിക വിവരങ്ങൾ ചേർക്കേണ്ടതാണ്.

2. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (2) പ്രകാരം യഥാസമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1) ാം ഉപ വകുപ്പ് പ്രകാരം കാലഹരണപ്പെടുന്ന പക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ വസ്തു നികുതിയിനത്തിലുള്ള കുടിശ്ശിക ഈടാക്കുവാനുള്ള അടിയന്തിര തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 തൃതീയ മേഖലകളിൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചു - നികുതി നഷ്ടം

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭാ പ്രദേശത്തെ പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിങ്ങനെ തരംതിരിച്ച നോട്ടിഫിക്കേഷൻ പ്രകാരം തൃതീയ മേഖലയിൽ വരുന്ന പ്രദേശങ്ങൾ പഞ്ചായത്ത് പരിധിയിൽ ഇല്ലാത്തതാണ് (കൗൺസിൽ തീരുമാനം നം. 5(2)/27.10.2016). എന്നാൽ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ പല കെട്ടിടങ്ങളും തൃതീയ മേഖലകളിൽ ഉൾപ്പെട്ടതായി കാണുന്നു.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ദ്വിതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 10 ശതമാനം ഇളവും തൃതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ 20 ശതമാനം ഇളവും നൽകേണ്ടതാണ്. നഗരസഭയിലെ 1 മുതൽ 15 വരെയുള്ള വാർഡുകളിലെ കെട്ടിടങ്ങളുടെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്ന പല കെട്ടിടങ്ങളെയും തൃതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു. ഇപ്രകാരം പുതിയ സ്ലാബിൽ വസ്തു നികുതി നിർണ്ണയിച്ച കെട്ടിടങ്ങളെ തൃതീയ മേഖലയിൽ ഉൾപ്പെടുത്തിയതിനാൽ വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം. | ഉപയോഗ ക്രമം, വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി | കുറവായി നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|---|
| 1/44 | പാർപ്പിടം, 185.88 ച.മീ. | അടിസ്ഥാന വസ്തു നികുതി - 185.88*8 = 1487.04<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 297.408<br>വസ്തു നികുതി - 1190<br>ലൈബ്രറി സെസ്സ് - 60<br>സർവ്വീസ് ചാർജ് - 119 | അടിസ്ഥാന വസ്തു നികുതി - 185.88*8 = 1487.04<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 148.704<br>വസ്തു നികുതി - 1338<br>ലൈബ്രറി സെസ്സ് - 67<br>സർവ്വീസ് ചാർജ് - 134 | വസ്തു നികുതി - 148 (1338-1190)<br>ലൈബ്രറി സെസ്സ് - 7 (67-60)<br>സർവ്വീസ് ചാർജ് - 15 (134-119) | 2016 ഒന്നാം അർദ്ധ വർഷം |
| 1/78 | പാർപ്പിടം, 89.37 ച.മീ. | അടിസ്ഥാന വസ്തു നികുതി - 89.37*8 = 714.96<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 142.992 | അടിസ്ഥാന വസ്തു നികുതി - 89.37*8 = 714.96<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 71.496 | വസ്തു നികുതി - 71 (643-572)<br>ലൈബ്രറി സെസ്സ് - 3 | 2016 ഒന്നാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| | | വസ്തു നികുതി - 572<br>ലൈബ്രറി സെസ്സ് - 29<br>സർവ്വീസ് ചാർജ് - 58 | വസ്തു നികുതി - 643<br>ലൈബ്രറി സെസ്സ് - 32<br>സർവ്വീസ് ചാർജ് - 64 | (32-29)<br>സർവ്വീസ് ചാർജ് - 6 (64-58) | |
| 1/101 | പാർപ്പിടം, 102.8 ച.മീ. | അടിസ്ഥാന വസ്തു നികുതി - 102.8*8 = 822.4<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 164.48<br>വസ്തു നികുതി - 658<br>ലൈബ്രറി സെസ്സ് - 33<br>സർവ്വീസ് ചാർജ് - 66 | അടിസ്ഥാന വസ്തു നികുതി - 102.8*8 = 822.4<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 82.24<br>വസ്തു നികുതി - 740<br>ലൈബ്രറി സെസ്സ് - 37<br>സർവ്വീസ് ചാർജ് - 74 | വസ്തു നികുതി - 82 (740-658)<br>ലൈബ്രറി സെസ്സ് - 4 (37-33)<br>സർവ്വീസ് ചാർജ് - 8 (74-66) | 2016 ഒന്നാം അർദ്ധ വർഷം |
| 4/163 | പാർപ്പിടം, 92.06 ച.മീ. | അടിസ്ഥാന വസ്തു നികുതി - 92.06*8 = 736.48<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 147.296<br>വസ്തു നികുതി - 590<br>ലൈബ്രറി സെസ്സ് - 30<br>സർവ്വീസ് ചാർജ് - 59 | അടിസ്ഥാന വസ്തു നികുതി - 92.06*8 = 736.48<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 73.648<br>വസ്തു നികുതി - 663<br>ലൈബ്രറി സെസ്സ് - 33<br>സർവ്വീസ് ചാർജ് - 66 | വസ്തു നികുതി - 73 (740-658)<br>ലൈബ്രറി സെസ്സ് - 3 (33-30)<br>സർവ്വീസ് ചാർജ് - 7 (66-59) | 2016 ഒന്നാം അർദ്ധ വർഷം |
| 5/76 | പാർപ്പിടം, 219.79 ച.മീ. | അടിസ്ഥാന വസ്തു നികുതി - 219.79*8 = 1758.32<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 351.664<br>വസ്തു നികുതി - 1407<br>ലൈബ്രറി സെസ്സ് - 71<br>സർവ്വീസ് ചാർജ് - നിർണ്ണയിച്ചിട്ടില്ല | അടിസ്ഥാന വസ്തു നികുതി - 219.79*8 = 1758.32<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 175.832<br>വസ്തു നികുതി - 1582<br>ലൈബ്രറി സെസ്സ് - 79<br>സർവ്വീസ് ചാർജ് - 158 | വസ്തു നികുതി - 175 (740-658)<br>ലൈബ്രറി സെസ്സ് - 8 (79-71)<br>സർവ്വീസ് ചാർജ് - 158 (158-0) | 2016 ഒന്നാം അർദ്ധ വർഷം |
| 5/165 | പാർപ്പിടം, 123.89 ച.മീ. | അടിസ്ഥാന വസ്തു നികുതി - 123.89*8 = 991.12<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 198.227<br>വസ്തു നികുതി - 793<br>ലൈബ്രറി സെസ്സ് - 40<br>സർവ്വീസ് ചാർജ് - 80 | അടിസ്ഥാന വസ്തു നികുതി - 123.89*8 = 991.12<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 99.112<br>വസ്തു നികുതി - 892<br>ലൈബ്രറി സെസ്സ് - 45<br>സർവ്വീസ് ചാർജ് - 89 | വസ്തു നികുതി - 99 (892-793)<br>ലൈബ്രറി സെസ്സ് - 5 (45-40)<br>സർവ്വീസ് | 2016 ഒന്നാം അർദ്ധ വർഷം |

| | | | | | |
|---|---|---|---|---|---|
| | | | | ചാർജ് - 9 (89-80) | |
| 6/171 | പാർപ്പിടം, 63.36 ച.മീ. | അടിസ്ഥാന വസ്തു നികുതി - 63.36*8 = 506.88<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 101.376<br>വസ്തു നികുതി - 406<br>ലൈബ്രറി സെസ്സ് - 21<br>സർവ്വീസ് ചാർജ് - 41 | അടിസ്ഥാന വസ്തു നികുതി - 63.36*8 = 506.88<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 50.688<br>വസ്തു നികുതി - 456<br>ലൈബ്രറി സെസ്സ് - 23<br>സർവ്വീസ് ചാർജ് - 46 | വസ്തു നികുതി - 50 (456-406)<br>ലൈബ്രറി സെസ്സ് - 2 (23-21)<br>സർവ്വീസ് ചാർജ് - 5 (46-41) | 2016 ഒന്നാം അർദ്ധ വർഷം |
| 7/373 | ഷോപ്പുകൾ, 25.5 ച.മീ. | അടിസ്ഥാന വസ്തു നികുതി - 25.5*60 = 1530<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 306<br>വസ്തു നികുതി - 1224<br>ലൈബ്രറി സെസ്സ് - 62<br>സർവ്വീസ് ചാർജ് - 123 | അടിസ്ഥാന വസ്തു നികുതി - 25.5*60 = 1530<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 153<br>വസ്തു നികുതി - 1377<br>ലൈബ്രറി സെസ്സ് - 69<br>സർവ്വീസ് ചാർജ് - 138 | വസ്തു നികുതി -153 (1377-1224)<br>ലൈബ്രറി സെസ്സ് - 7 (69-62)<br>സർവ്വീസ് ചാർജ് - 15 (138-123) | 2016 ഒന്നാം അർദ്ധ വർഷം |
| 8/67 | പാർപ്പിടം, 212.25 ച.മീ. | അടിസ്ഥാന വസ്തു നികുതി - 212.25*8 = 1698<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 339.6<br>വസ്തു നികുതി - 1359<br>ലൈബ്രറി സെസ്സ് - 68<br>സർവ്വീസ് ചാർജ് - 136 | അടിസ്ഥാന വസ്തു നികുതി - 212.25*8 = 1698<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 169.8<br>വസ്തു നികുതി - 1528<br>ലൈബ്രറി സെസ്സ് - 76<br>സർവ്വീസ് ചാർജ് - 153 | വസ്തു നികുതി - 169 (1528-1359)<br>ലൈബ്രറി സെസ്സ് - 8 (76-68)<br>സർവ്വീസ് ചാർജ് - 17 (153-136) | 2016 ഒന്നാം അർദ്ധ വർഷം |
| 15/1911 | പാർപ്പിടം, 194 ച.മീ. | അടിസ്ഥാന വസ്തു നികുതി - 194*8 = 1552<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (20%) - 310.4<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് (20%) - 310.4<br>വസ്തു നികുതി - 1552<br>ലൈബ്രറി സെസ്സ് - 78<br>സർവ്വീസ് ചാർജ് - 156 | അടിസ്ഥാന വസ്തു നികുതി - 194*8 = 1552<br>മേഖലാടിസ്ഥാനത്തിലുള്ള ഇളവ് (10%) - 155.2<br>വഴി സൗകര്യത്തിന്മേലുള്ള വർദ്ധനവ് (20%) - 310.4<br>വസ്തു നികുതി - 1707<br>ലൈബ്രറി സെസ്സ് - 85<br>സർവ്വീസ് ചാർജ് - 171 | വസ്തു നികുതി - 155 (1707-1552)<br>ലൈബ്രറി സെസ്സ് - 7 (85-78)<br>സർവ്വീസ് ചാർജ് - 15 (171-156) | 2016 ഒന്നാം അർദ്ധ വർഷം |

മേൽ പ്രകാരം കെട്ടിടങ്ങളെ ത്രിതീയ മേഖലയിൽ ഉൾപ്പെടുത്തി അനർഹമായ വസ്തു നികുതി ഇളവ് നൽകിയതിനും 5/76 നം. കെട്ടിടത്തിന്റെ വസ്തു നികുതിയിന്മേൽ 10% സർവ്വീസ് ചാർജ് ഈടാക്കാത്തതിനുള്ള കാരണവും അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/25.01.2023) ഡാറ്റാ എൻട്രി ചെയ്യുമ്പോൾ വന്ന പാകപ്പിഴയാണെന്നും അപാകത

പരിഹരിക്കുന്നതിനായി സഞ്ചയയിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതാണെന്നും 5/76 നം. കെട്ടിടത്തിന്റെ വസ്തു നികുതിയിന്മേൽ 10% സർവ്വീസ് ചാർജ് കൂടി നിർണ്ണയിച്ചിട്ടുണ്ടെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

നഗരസഭയിലെ മേഖല നോട്ടിഫിക്കേഷനിൽ ഇല്ലാത്ത ത്രിതീയ മേഖലയിൽ കെട്ടിടങ്ങളെ ഉൾപ്പെടുത്തി അനർഹമായ വസ്തു നികുതി ഇളവ് നൽകിയത് ക്രമപ്രകാരമല്ല. സഞ്ചയയിലെ 33 വാർഡുകളിലേയും അസ്സസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ത്രിതീയ മേഖലയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങളെ അവയ്ക്ക് ബാധകമാകുന്ന മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും വസ്തു നികുതി ഇനത്തിലുള്ള നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നഗരസഭകളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പരിഷ്കരിക്കുന്നതിന്റെ പ്രാബല്യ തിയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചുകൊണ്ട് സ.ഉ(സാധാ)നം.540/2019/തസ്വഭവ തിയതി 06.03.2019 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 7 പ്രകാരം വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം.6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടിക്രമങ്ങളും 2019 സെപ്റ്റംബറിനകം പൂർത്തീകരിക്കാൻ നിർദേശിച്ചിരുന്നു.

നഗരസഭയിലെ വസ്തു നികുതി പരിഷ്കരണ ഫയൽ (നം. ആർ1-6825/2017) പ്രകാരം വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള ഡാറ്റാ എൻട്രി 90 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നികുതി രസീത് പോസ്റ്റിംഗ് അപ്രൂവൽ നടപടികൾ 40 ശതമാനം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി വളരെയധികം പ്രവർത്തികൾ ബാക്കിയുള്ളതിനാൽ 5 പേരെ താൽക്കാലികമായി നിയമിക്കുന്നതിന് സർക്കാർ അനുമതിക്ക് അപേക്ഷ സമർപ്പിക്കാൻ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട് (നം. 13/01.06.2021). ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് ( നം. ആർ1-6825/2017/02.06.2021).

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിലവിൽ ബാക്കി നിൽക്കുന്ന പ്രവർത്തികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/25.01.2023) നൽകിയ മറുപടി താഴെ ചേർക്കുന്നു.

1. 288 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ട്.

2. പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ ജമ റദ്ദ് ചെയ്യുന്ന പ്രവർത്തി പൂർത്തീകരിക്കാനുണ്ട്.

3. സഞ്ചയയിൽ 55 കെട്ടിടങ്ങൾ പരിശോധിച്ച് അപ്രൂവ് ചെയ്യാനുള്ള പ്രവർത്തി ബാക്കിയുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വസ്തു നികുതി നഗരസഭയുടെ പ്രധാന വരുമാന സ്രോതസാണ്. ആയതിനാൽ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ബാക്കി നിൽകുന്ന മേൽ പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് സഞ്ചയയിൽ കെട്ടിടങ്ങളുടെ വിവരം കാലികമാക്കേണ്ടതും യഥാർത്ഥത്തിലുള്ള വസ്തു നികുതി കുടിശ്ശിക തിട്ടപ്പെടുത്തി മുഴുവൻ കുടിശ്ശിക തുകയും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

26.05.2017 ലെ സ.ഉ(കൈ)നം.106/17/തസ്വഭവ പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ നഗരസഭകളിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

നഗരസഭയിലെ സഞ്ചയയിലെ എക്സ് സർവ്വീസ് എക്സംപ്ഷൻ രജിസ്റ്റർ പ്രകാരം 223 ഓളം വീടുകൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് (തീരുമാനം നം. 5/17.04.2022) പ്രകാരം 2021-22ൽ നിർദ്ദിഷ്ട മാതൃകയിലുള്ള

സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആകെ 152 പേർക്ക് മാത്രമാണ് പ്രസ്തുത ഇളവ് നൽകിയിട്ടുള്ളത്. മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 03/18.01.2023) 2022-23 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിലുള്ള 210 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് വസ്തു നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങൾ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര്/ സ്ഥലം | ആകെ മുറികൾ | നിലവിൽ വാടകക്ക് നൽകി യിട്ടുള്ളവ | ഒഴിഞ്ഞ് കിടക്കുന്നവ |
|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 14 | 14 | - |
| 2 | കമ്മ്യൂണിറ്റി ഹാൾ ഷോപ്പിംഗ് കോംപ്ലക്സ് | 14 | 14 | - |

കെട്ടിട വാടക രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/18.01.2023) ലഭിച്ച മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

### 1-17-1 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

നഗരസഭയുടെ 2021-22 ലെ വാടക രജിസ്റ്റർ പ്രകാരം വാടക ഇനത്തിൽ ആകെ 1064261/- രൂപ (തൻവർഷ കുടിശ്ശിക 967193/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 97068/- രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 പ്രകാരം മുനിസിപ്പാലിറ്റിക്ക് പിരിഞ്ഞു കിട്ടേണ്ടതായ തുകകൾ അത് ഈടാക്കേണ്ട കാലാവധി കഴിഞ്ഞ് 4 വർഷത്തിനുശേഷം ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാവുന്നതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 539 (2) പ്രകാരം യഥാസമയം നടപടി കൈക്കൊള്ളുന്നതിലുള്ള വീഴ്ച മൂലം മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ടതായ തുക (1) ാം ഉപ വകുപ്പ് പ്രകാരം കാലഹരണപ്പെടുന്ന പക്ഷം അത് ഏത് ഉദ്യോഗസ്ഥന്റെ

അഥവാ ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണ് നഷ്ടപ്പെടാൻ ഇടയായിട്ടുള്ളത് എന്ന് നിയമാനുസരണമുള്ള അന്വേഷണത്തിൽ ബോദ്ധ്യപ്പെടുന്ന പക്ഷം ആ ഉദ്യോഗസ്ഥരിൽ നിന്ന് 12ശതമാനം പലിശ സഹിതം ഈടാക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട കെട്ടിടങ്ങളുടെ വാടകവരുമാനം യഥാസമയം ലഭ്യമാക്കുന്നതിനും ജി.എസ്.ടി. ഇനത്തിലുള്ള തുകകൾ സർക്കാരിലേക്ക് ഒടുക്ക് വരുത്തുന്നതിനും വേണ്ട കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17-2 വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കേണ്ടതാണ്

2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III ബി യിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമയ്ക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ചമച്ച വാടകക്കരാറുകൾ പരിശോധനച്ചതിൽ താഴെ പറയുന്ന വാടകക്കാരുമായി കരാർ ചമച്ചതായി കാണുന്നില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | കെട്ടിട നം. | മാസ വാടക |
|---|---|---|---|
| 1 | ഗോപിനാഥൻ, കാർത്തിക മെഡിക്കൽസ് | 25/186 | 32211 |
| 2 | ജ്യോതി, പട്ടിക്കുന്നത്ത് | 26/819 | 257 |

ഇതുമൂലം ടി കടമുറികൾ വാടക രജിസ്റ്റർ പ്രകാരമുള്ള വാടകക്കാർ തന്നെയാണോ ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല. മാത്രമല്ല സംസ്ഥാന സർക്കാരിന് മുദ്രപത്രം ഇനത്തിൽ വരവ് നഷ്ടവും ഉണ്ടാവുന്നുണ്ട്. ആയതിനാൽ വാടക കരാർ ചമയ്ക്കാത്ത വാടകക്കാരുമായി മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-17-3 ചട്ട പ്രകാരമുള്ള സംവരണം നൽകേണ്ടതാണ്

2000 ത്തിലെ കേരള മുനിസിപ്പാലിറ്റി (വസ്തുആർജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റി ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ, പാട്ടത്തിനോ നൽകുന്ന കടമുറികൾ/ബങ്കുകൾ /സ്റ്റാളുകൾ മുതലായവയുടെ ഓരോ ഇനത്തിലും 10% പട്ടിജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ആളുകൾക്കുവേണ്ടി സംവരണം ചെയ്തു നൽകേണ്ടതാണ്. എന്നാൽ നഗരസഭയിൽ ചട്ട പ്രകാരമുള്ള സംവരണം നൽകിയിട്ടില്ല. ഓരോ ഷോപ്പിംഗ് കോംപ്ലക്സുകളിലും 10% കടമുറികൾ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് സംവരണം അനുവദിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും കാരണങ്ങളാൽ ഈ വിഭാഗങ്ങൾക്ക് അർഹമായ സംവരണം കുറവുള്ള പക്ഷം ആയത് നികത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-17-4 വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ വാടക കുടിശ്ശിക ചേർക്കേണ്ടതാണ്

നഗരസഭയുടെ 2021-22 ലെ വാടക രജിസ്റ്റർ പ്രകാരം വാടക ഇനത്തിൽ ആകെ 1064261/- രൂപ (തൻവർഷ കുടിശ്ശിക 967193/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 97068/- രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. എന്നാൽ നഗരസഭയുടെ 2021-22 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വാടക ഇനത്തിൽ ആകെ 2665404/- രൂപ (തൻവർഷ കുടിശ്ശിക 967172/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 1698232/- രൂപ) നഗരസഭ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. വാടകയിനത്തിലുള്ള കുടിശ്ശിക വ്യത്യാസം 1601143 (2665404-1064261) രൂപ. വാടക ഇനത്തിലെ കുടിശ്ശിക വ്യത്യാസം പരിശോധിച്ച് 2022-23 വാർഷിക ധനകാര്യ പത്രികയിൽ യഥാർത്ഥ വാടക കുടിശ്ശിക ചേർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-17-5 വാടക ബൈലോ - അംഗീകാരം ലഭ്യമാക്കിയിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കിയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകാരത്തിനായി കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട് (തീരുമാനം നം. 37/06.01.2023). എന്നാൽ കൗൺസിൽ ആയത് അംഗീകാരിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാടക കെട്ടിടങ്ങളുടെ നടത്തിപ്പിനായുള്ള ബൈലോ കൗൺസിൽ പരിഗണിക്കേണ്ടതും അംഗീകരിച്ച ബൈലോയുടെ പകർപ്പ് പരിശോധനയ്ക്ക് നൽകേണ്ടതുമാണ്.

### 1-18 സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' 365 കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. ഇതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, നഗരസഭയ്ക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ, വിദ്യാഭ്യാസാവശ്യത്തിനുള്ള കെട്ടിടങ്ങൾ, കേരള മുനിസിപ്പാലിറ്റി നിയമം/സർക്കാർ ഉത്തരവുകൾ പ്രകാരം ഇളവുള്ള കെട്ടിടങ്ങൾ തുടങ്ങിയ നിരവധി കെട്ടിങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ പല കെട്ടിടങ്ങൾക്കും നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതുമൂലം കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം, നിർണ്ണയിച്ച വസ്തു നികുതി എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 1/93(1) | സുഹറ, കൊരമ്പി | 57.49 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. |
| 2 | 1/106 | ഹംസ, കൊരമ്പി | 45.25 | ,, |
| 3 | 2/50(1) | പാത്തുമ്മ, കുത്തുകല്ലൻ | 55.08 | ,, |
| 4 | 4/235 | സുനിൽകുമാർ, കാഞ്ഞിരക്കുറ്റി | 60.3 | ,, |

ഇത്തരത്തിൽ കെട്ടിടങ്ങളുടെ യഥാർത്ഥ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം എന്നിവ രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/23.01.2023) മേൽ കെട്ടിടങ്ങൾ സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതി ഇളവുള്ള 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള

പാർപ്പിടാവശ്യത്തിനുള്ളവയാണെന്നും സഞ്ചയയിൽ ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതും വസ്തു നികുതി ഇളവ് വിവരം രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിൽ തന്നെ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടങ്ങളിൽ ഉൾപ്പെടുത്തിയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ ഉപയോഗക്രമം, വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം, നിർണ്ണയിച്ച വസ്തു നികുതി എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കേണ്ടതും അർഹതയുള്ള പക്ഷം വസ്തു നികുതി ഇളവ് വിവരം രേഖപ്പെടുത്തി ഇളവ് നൽകേണ്ടതുമാണ്. ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിലെ അസ്സസ്സ്മെന്റിൽ വരുത്തേണ്ടതാണ്.

## 1-19 തറ വിസ്തീർണ്ണം 60 ച.മീ. കൂടുതലുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിരിക്കുന്നു

16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 60 ച.മീറ്ററിൽ കൂടുതലുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് നൽകിയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/23.01.2023) ലഭ്യമായ മറുപടി റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1/95(1) | ലൈല, കൊരമ്പി | 62 | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിൽ 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. നികുതി ഇളവ് ചെയ്തു നൽകിയതിന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. | ഡാറ്റാ എൻട്രിയിൽ വന്ന തെറ്റാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | 16/80 | ഹിഷാം മുഹമ്മദ് & ജലീൽ കെ വി, നവഭാരത് ട്രസ്റ്റ് | 403.32 | ,, | എ എൽ പി സ്കൂൾ കെട്ടിടമായതിനാലാണ് 'നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട' കെട്ടിടത്തിൽ ഉൾപ്പെടുത്തിയത്. |

| | | | | | |
|---|---|---|---|---|---|
| | | | | | |

ഓഡിറ്റ് നിർദ്ദേശം

1. പട്ടികയിലെ ക്രമ നം. 1 കെട്ടിടത്തിന്റെ സഞ്ചായ അസ്സസ്സ്മെന്റിൽ ശരിയായ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കേണ്ടതും നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതുമാണ്.

2. പട്ടികയിലെ ക്രമ നം. 2 പ്രകാരമുള്ള എ എൽ പി സ്കൂൾ കെട്ടിടത്തിന്റെ സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്ററിലെ Tax Exemption Type എന്ന കോളത്തിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുവാനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്.

1-20 അനധികൃത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

സഞ്ചയയിൽ ഉൾപ്പെടാത്ത നഗരസഭാ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരങ്ങൾ, തുടർ നടപടികൾ എന്നിവ സംബന്ധിച്ച ആർ1/5949/21 നമ്പർ ഫയൽ പരിശോധിച്ചതിൽ, 14 മൊബൈൽ ടവറുകൾ അനധികൃതമായി പ്രവർത്തിച്ച് വരുന്നതായി കണ്ടെത്തുകയും 6 മൊബൈൽ ടവറുകൾ ക്രമവൽക്കരിക്കുന്നതിനായി സ്ഥല ഉടമകൾക്ക് നോട്ടീസ് (നം. R1-5944/2021/15.06.2021) നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ച് വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം 33 വാർഡുകളിലായി ആകെ 5 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി പ്രബല്യത്തിൽ വന്ന വർഷം |
|---|---|---|---|---|
| 1 | 1/34(1) | 14.23 | ഇൻഡസ് ടവേഴ്സ് | 2018 ഒന്നാം അർദ്ധ വർഷം |
| 2 | 3/429 | 24 | ഐഡിയ സെല്ലുല്ലാർ ലിമിറ്റഡ് | 2016 ഒന്നാം അർദ്ധ വർഷം |
| 3 | 8/154(1) | 26.46 | ഇൻഡസ് ടവേഴ്സ് | 2016 ഒന്നാം അർദ്ധ വർഷം |
| 4 | 9/47(1) | 36.84 | ഇൻഡസ് ടവേഴ്സ് | 2018 രണ്ടാം അർദ്ധ വർഷം |
| 5 | 26/104 | 12 | ടെലഫോൺ എക്സ്ചേഞ്ച് ഓഫീസർ | 2015 രണ്ടാം അർദ്ധ വർഷം |

സഞ്ചയയിൽ ഉൾപ്പെടാത്ത നഗരസഭ പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ

ടവറുകളുടെ വസ്തു നികുതി നാളിതുവരെ നിർണ്ണയിച്ച് ഈടാക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/23.01.2023) കെട്ടിട ഉടമകൾക്ക് റെഗുലറൈസ് ചെയ്യാനുള്ള നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും സമയ പരിധിയ്ക്ക് ശേഷം അനധികൃത നിർമ്മാണ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതും വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 കെട്ടിടങ്ങളുടെ ക്രമവൽക്കരണം - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

നഗരസഭയുടെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം 'അദർ ഫീസ് ഫോർ ഗ്രാന്റ് ഓഫ് പെർമിറ്റ്' എന്ന ശീർഷകത്തിൽ 847835/- രൂപ വരവുണ്ട്. ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ, രജിസ്റ്ററുകൾ, ഈടാക്കിയ ഫീസ് എന്നിവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/25.01.2023) ലഭിച്ച മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ചട്ട പ്രകാരമുള്ള റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 (3) പ്രകാരം റെഗുലറൈസേഷൻ അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ Appendix-G2 മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പെർമിറ്റ് രജിസ്റ്ററിലാണ് റെഗുലറൈസേഷൻ അപേക്ഷകളുടെ വിവരം ചേർക്കുന്നത്. മാത്രമല്ല വിവരങ്ങൾ പൂർണ്ണമായും ചേർക്കുന്നില്ല. ചട്ട പ്രകാരമുള്ള മാതൃകയിൽ റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) കെട്ടിടങ്ങളുടെ ക്രമവൽക്കരണം - ചട്ട പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 (4) പ്രകാരം ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുമ്പോൾ നിർമ്മാണങ്ങൾ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മാണം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാവുന്നതാണ്. എന്നാൽ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മാണം പൂർത്തീകരിച്ച വിവിധ കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് നൽകുമ്പോൾ നിയമാനുസൃത രാജിയാക്കൽ ഫീസ് പെർമിറ്റ് ഫീസിന്റെ രണ്ട് ഇരട്ടി ഈടാക്കുന്നതിന് പകരം പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടി ഈടാക്കുന്നതായി കാണുന്നു.

ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷകന്റെ പേര് | ഉപയോഗ ക്രമം, വിസ്തീർണ്ണം | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1 | TP1-7020/21 | ഷിഹാബുദ്ദീൻ & കമ്മറുദ്ദീൻ, പട്ടാണി | ഉപയോഗ ക്രമം - പാർപ്പിടം വിസ്തീർണ്ണം - 205.78 ച.മീ. | 205.78*7*3 = 4322 രൂപ |
| 2 | TP1-7305/21 | ഷാഹുൽ ഹമീദ്, പാറക്കൽ | ഉപയോഗ ക്രമം - പാർപ്പിടം വിസ്തീർണ്ണം - 163.02 ച.മീ. | 163.02*7*3 = 3424 രൂപ |
| 3 | TP1-7522/21 | ഗോവിന്ദരാജൻ, വടക്കേക്കളം | ഉപയോഗ ക്രമം - | 1115.19*3.5*3 = 1210 രൂപ |

| | | | | |
|---|---|---|---|---|
| | | | പാർപ്പിടം വിസ്തീർണ്ണം - 115.19 ച.മീ. | |

ചട്ട പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കേണ്ടതാണ്.

1-22 വിനോദ നികുതി - യഥാർത്ഥത്തിൽ വിറ്റിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

1961-ലെ കേരള ലോക്കൽ അതോറിറ്റീസ് എൻറർടെയ്ൻമെൻറ്സ് ടാക്സ് ആക്ടിലെ വകുപ്പ് 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. 01.07.2017 മുതൽ ചരക്ക് സേവന നികുതി നടപ്പാക്കിയതിന്റെ പശ്ചാത്തലത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.123/2017/തസ്വഭവ തിയതി 24.06.2017 പ്രകാരം 01.07.2017 മുതൽ വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ സിനിമ ടിക്കറ്റിന്മേൽ ഏർപ്പെടുത്തിയിരുന്ന ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്രസർക്കാർ കുറവു ചെയ്ത പശ്ചാത്തലത്തിൽ സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയിരുന്നു.

31.08.2019-ലെ സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ വരെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി പ്രാബല്യതിയതി 01.09.2019 ആയി നിശ്ചയിക്കുകയും ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 22.11.2019 ലെ സ.ഉ(കൈ) നം.149/2019/തസ്വഭവ പ്രകാരം പ്രാബല്യതീയതി 16.11.2019 ആക്കി പുതുക്കി നിശ്ചയിച്ചു.

ചെർപ്പുളശ്ശേരി നഗരസഭയിൽ നിലവിൽ ദേവി സിനിമാസ്, ചെല്ലൂർ ഗ്രാന്റ് സിനിമാസ് സ്റ്റുഡിയോ-1, ചെല്ലൂർ ഗ്രാന്റ് സിനിമാസ് സ്റ്റുഡിയോ-2 എന്നീ മൂന്ന് തിയേറ്ററുകളാണുള്ളത്. 2021-22 വർഷം വിനോദനികുതി ഇനത്തിൽ 148441 രൂപ വരവുണ്ട്. വിനോദ നികുതി രജിസ്റ്റർ, തിയേറ്ററുകളുടെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/27.01.2023) ലഭിച്ച മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ദേവി സിനിമാസ് സമർപ്പിച്ചിട്ടുള്ള 2022 ജനവരി മാസത്തെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടുകൾ പ്രകാരം 01.01.2022 മുതൽ 09.01.2022 വരെയുള്ള ദിവസങ്ങളിൽ 441 (Sl.No. 5193 To 5634) എണ്ണം ടിക്കറ്റുകളും 14.01.2022 മുതൽ 31.01.2022 വരെയുള്ള ദിവസങ്ങളിൽ 6192 (Sl.No. 101 To 6293) എണ്ണം ടിക്കറ്റുകളും ഉൾപ്പെടെ ആകെ 6633 എണ്ണം ടിക്കറ്റുകൾ വിറ്റിട്ടുണ്ട്. എന്നാൽ 6583 എണ്ണം ടിക്കറ്റുകളുടെ വിനോദ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത് (രസീതി നം. 121030110758/09.02.2022, തുക – 31665 (6583*4.81) രൂപ). കുറവായി ഈടാക്കിയ 50 (6633-6583) എണ്ണം ടിക്കറ്റുകളുടെ വിനോദ നികുതി എൻക്വയറിയെ തുടർന്ന് ഈടാക്കി (രസീതി നം. 122030109631/30.01.2023, തുക – 241 രൂപ). യഥാർത്ഥത്തിൽ വിറ്റിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി വിനോദ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ദേവി സിനിമാസ് 2022 ജനവരി മാസത്തെ 10.01.2022 മുതൽ 13.01.2022 വരെയുള്ള ദിവസങ്ങളിലെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടുകളും ചെല്ലൂർ ഗ്രാന്റ് സിനിമാസ് സ്റ്റുഡിയോ-2 2022 ഫെബ്രുവരി മാസത്തെ 18.02.2022 മുതൽ 24.02.2022 വരെയുള്ള ദിവസങ്ങളിലെ ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടുകളും

സമർപ്പിച്ചിട്ടില്ല. ഒരു മാസത്തെ മുഴുവൻ ദിവസങ്ങളിലേയും ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് ആയതിന്റെ കൃത്യത ഉറപ്പ് വരുത്താതെ വിനോദ നികുതി ഈടാക്കിയത് ക്രമപ്രകാരമല്ല. ഒരു മാസത്തെ മുഴുവൻ ദിവസങ്ങളിലേയും ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് ആയതിന്റെ കൃത്യത ഉറപ്പ് വരുത്തി മാത്രം വിനോദ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. തിയേറ്ററുകൾ ചരക്ക് സേവന നികുതി വകുപ്പിൽ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിച്ച് ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണോ വിനോദ നികുതി ഒടുക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. തിയേറ്ററുകൾ ചരക്ക് സേവന നികുതി വകുപ്പിൽ സമർപ്പിക്കുന്ന റിട്ടേണുകൾ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതും ആയതിലെ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണ് വിനോദ നികുതി ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകൾ നിരസിച്ചത് - തുടർ നടപടി സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന ക്രമവൽക്കരണത്തിനായി ലഭിച്ച അപേക്ഷകളിൽ വിവിധ കാരണങ്ങളാൽ നിരസിച്ച അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | അപേക്ഷകന്റെ പേര് | ഉപയോഗ ക്രമം, വിസ്തീർണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | TP1-5824/21 | ഉണ്ണികണ്ണൻ, നായാടിക്കുന്നത്ത് | ഉപയോഗ ക്രമം - പാർപ്പിടം വിസ്തീർണ്ണം - 235.26 ച.മീ. | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യു എ നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. |
| 2 | TP1-9588/21 | വീരാൻകുട്ടി, പട്ടിശ്ശേരി | ഉപയോഗ ക്രമം - പാർപ്പിടം വിസ്തീർണ്ണം - 73.91 ച.മീ. | ” |
| 3 | TP1-5577/21 | അബ്ദുൾ റഷീദ്, പടിഞ്ഞാറേതിൽ | ഉപയോഗ ക്രമം - വാണിജ്യം | കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | |
| 4 | TP1-6225/21 | പ്രസാദ്, പുത്തൻ വീട്ടിൽ | ഉപയോഗ ക്രമം - പാർപ്പിടം വിസ്തീർണ്ണം - 194.37 ച.മീ. | 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യു എ നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. |
| 5 | TP1-6224/21 | ആമിന, താഴത്തേനിൽ | ഉപയോഗ ക്രമം - പാർപ്പിടം വിസ്തീർണ്ണം - 67.17 ച.മീ. | ” |

മേൽ കെട്ടിടങ്ങൾ നഗരസഭയിൽ നിന്നുള്ള അനുമതിയില്ലാതെ പൂർത്തീകരിക്കുകയും കെട്ടിട നമ്പറിനായി ഉടമസ്ഥർ ക്രമവൽക്കരണത്തിന് അപേക്ഷിക്കുകയുമാണ് ചെയ്തിട്ടുള്ളത്. 2021-22 വർഷത്തെ അപേക്ഷയായിട്ടും അനധികൃതമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള മേൽ കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 242 പ്രകാരം യു എ നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് യു എ നമ്പർ അനുവദിച്ച് വസ്തു നികുതി നിർണ്ണയിക്കാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26/25.01.2023) യു എ നമ്പർ അനുവദിച്ച് വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവിനുള്ള അവകാശം - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ഫീസ് പിരിവിനുള്ള അവകാശത്തിനായി ലേലം നടത്തിയെങ്കിലും നഗരസഭ നിശ്ചയിച്ച തുകയ്ക്ക് ലേലം നടകാത്തതിനാൽ ശ്രീ. ദിലീപ്കുമാർ, ചോലക്കൽ എന്നവരുടെ ഓഫർ തുക സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നു (ഫയൽ നം. ആർ1/1645/20 & ആർ1/1646/20).

ബസ് സ്റ്റാന്റ് ഫീസ് ഓഫർ തുക – 448600 രൂപ (എല്ലാ നികുതിയും ഉൾപ്പെടെ)

കംഫർട്ട് സ്റ്റേഷൻ ഫീസ് ഓഫർ തുക – 279400 രൂപ (എല്ലാ നികുതിയും ഉൾപ്പെടെ)

ഇവയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 38/28.01.2023) ലഭിച്ച മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. 2000 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 7(2), 8(2) എന്നിവ പ്രകാരം ഫാറം നമ്പർ III എ മാതൃകയിൽ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ

ചമയ്ക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ഫീസ് പിരിവിനുള്ള അവകാശം ലഭിച്ച ആളുമായി കരാർ ചമച്ചിട്ടില്ല. ഇതുമൂലം സംസ്ഥാന സർക്കാരിന് മുദ്രപത്രം ഇനത്തിൽ വരവ് നഷ്ടവും ഉണ്ടാവുന്നുണ്ട്. ആയതിനാൽ വാടക കരാർ ചമയ്ക്കാത്ത കരാറുകാരുമായി മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ബസ് സ്റ്റാന്റ് ഫീസിന്റെ കൂടെ ബാധകമായ 18% ജി എസ് ടി ഈടാക്കിയിട്ടുണ്ടെങ്കിലും കംഫർട്ട് സ്റ്റേഷൻ ഫീസിന്റെ കൂടെ ബാധകമായ ജി എസ് ടി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ഫീസിന്റെ കൂടെ ബാധകമായ 1% ആദായ നികുതി ഈടാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയത് ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചു - നികുതി നഷ്ടം

നഗരസഭയിൽ 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരിഷെഡ്' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 20/- രൂപയും 'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ' കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 60/- രൂപയായും വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

സഞ്ചയയിലെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരമുള്ള വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നമ്പറിംഗ് ഫയലുകളുടെ പരിശോധനയിൽ 'ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ' കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമം തെറ്റായി 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരിഷെഡ്' കെട്ടിടങ്ങളായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നു.

ഏതാനും ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗക്രമം, വിസ്തീർണ്ണം | നികുതി നിലവിൽ വന്ന വർഷം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | TP1-11942/19 | 3/70(1) | കൈത്തൊഴിൽ ഷെഡ്, 300.68 ച.മീ. | 2019 രണ്ടാം അർദ്ധ വർഷം | 1. റവന്യൂ ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിട ത്തിന്റെ തരം - വ്യാവസായികാവശ്യം<br>2. അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - വ്യാവസായ കെട്ടിടം (ജി1)<br>3. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് |

| | | | | | |
|---|---|---|---|---|---|
| | | | | | (നം. PCB/PLKD/ICF-379 /7273621/2018/18.07.2018), നഗരസഭ ലൈസൻസ് (നം. 131270012200905/26.05.2022) എന്നിവ പ്രകാരം കെട്ടിടത്തിൽ 15 ലക്ഷം മൂലധന നിക്ഷേപമുള്ള നാച്ച്വറൽ ഗ്രൂപ്പ് എന്റർപ്രൈസസ് എന്ന സോഡാ & സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മാണ സ്ഥാപനം പ്രവർത്തിച്ച് വരുന്നു. |
| 2 | TP1-13228/21 | 30/301(1) | കൈത്തൊഴിൽ ഷെഡ്, 105.93 ച.മീ. | 2021 ഒന്നാം അർദ്ധ വർഷം | 1. റവന്യൂ ഇൻസ്പെകടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - വ്യാവസായികാവശ്യം<br>2. അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - വ്യാവസായ കെട്ടിടം (ജി1) വർക്ക് ഷോപ്പ്<br>3. നഗരസഭ ലൈസൻസ് (നം. 131270012200931/26.05.2022) പ്രകാരം കെട്ടിടത്തിൽ കെ പി സ്റ്റീൽസ് ഡോർ & വിന്റോസ് എന്ന സ്ഥാപനം പ്രവർത്തിച്ച് വരുന്നു. |
| 3 | TP1-11001/18 | 3/270(2) | സ്റ്റോറേജ് ഷെഡ്, 291.53 ച.മീ. | 2022 ഒന്നാം അർദ്ധ വർഷം | 1. റവന്യൂ ഇൻസ്പെകടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - സ്മാൾ ഇൻഡസ്ട്രിയൽ<br>2. അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - കുടിവെള്ള നിർമ്മാണ കമ്പനി |
| 4 | TP1-5981/20 | 3/270(1) | കൈത്തൊഴിൽ ഷെഡ്, 128.14 ച.മീ. | 2020 രണ്ടാം അർദ്ധ വർഷം | 1. റവന്യൂ ഇൻസ്പെകടറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - വ്യാവസായികാവശ്യം<br>2. അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തരം - വ്യാവസായ കെട്ടിടം II ഷോപ്പ്<br>3. നഗരസഭ ലൈസൻസ് (നം. 131270012200331/18.03.2022) പ്രകാരം കെട്ടിടത്തിൽ ആർ ബി കോച്ച് ബിൽഡേഴ്സ് എന്ന സ്ഥാപനം പ്രവർത്തിച്ച് |

| | | | | | |
|---|---|---|---|---|---|
| | | | | | വരുന്നു. |
| ആകെ വിസ്തീർണ്ണം | | | 826.28 ച.മീറ്റർ | | |

മേൽ വ്യാവസായ കെട്ടിടങ്ങളെ വസ്തു നികുതി നിരക്ക് കുറഞ്ഞ 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരിഷെഡ്' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനാൽ വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ വന്ന കുറവ് - 33051 രൂപ (826.28*60 – 826.28*20)

മേൽ വ്യാവസായ കെട്ടിടങ്ങളെ വസ്തു നികുതി നിരക്ക് കുറഞ്ഞ 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരിഷെഡ്' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 42/30.01.2023) യഥാർത്ഥ ഉപയോഗക്രമത്തിൽ വസ്തു നികുതി പുനർനിർണ്ണയിച്ച് നികുതി ഇനത്തിലുണ്ടായ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ 'വ്യവസായത്തിനാവശ്യമുള്ളവ – കൈത്തറി ഷെഡ്, കയർ പിരിഷെഡ്' എന്ന ഉപയോഗക്രമത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും നമ്പറിംഗ് ഫയൽ പരിശോധിച്ച് അർഹതയ്ക്ക് വിധേയമായി മേൽ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ളവയുടെ യഥാർത്ഥ ഉപയോഗക്രമത്തിൽ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതി ഇനത്തിലുണ്ടായ നഷ്ടം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 മൊബൈൽ ടവർ പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും തുടർ നടപടി സ്വീകരിച്ചിട്ടില്ല

നഗരസഭയിലെ വാർഡ് ഒന്നിൽ 70/9 നം. റീസർവ്വേയിലുള്ള 12000 ച.മീറ്റർ സ്ഥലത്ത് മൊബൈൽ ടവർ നിർമ്മിക്കുന്നതിന് Summit Digitel Infrastructure Pvt. Ltd (SDIPL) എന്ന സ്ഥാപനത്തിന് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

| പെർമിറ്റ് നം./തീയതി | കാലാവധി | വിസ്തീർണ്ണം |
|---|---|---|
| TP1-7142/21 /03.07.2021 | 30.07.2021 മുതൽ 29.07.2022 വരെ | 21.62 |

29.07.2022 ന് പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും സ്ഥാപനം നാളിതുവരെ മൊബൈൽ ടവറിന്റെ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുന്നതിനായുള്ള അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. ആർ1/5949/21 നമ്പർ ഫയൽ പ്രകാരം നഗരസഭാ പരിധിയിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിച്ച് വരുന്നതായി കണ്ടെത്തിയിട്ടുള്ളതാണ്. ആയതിനാൽ സ്ഥാപനം നാളിതുവരെ മൊബൈൽ ടവറിന്റെ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ പെർമിറ്റ് പുതുക്കുന്നതിനായുള്ള അപേക്ഷ നൽകുകയോ ചെയ്യാത്തത് പരിശോധിച്ച് സ്വീകരിച്ചിട്ടുള്ള തുടർ നടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/27.01.2023) സ്ഥാപനത്തിന് പെർമിറ്റ് പുതുക്കുന്നതിന്/കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും, തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തികളുടെ അവലാകനം

അസിസ്റ്റന്റ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം ആവിഷ്കരിക്കരിച്ച 287പ്രവൃത്തികളിൽ (അടങ്കൽ-74287792) 161 എണ്ണം മാത്രമാണ് നടപ്പാക്കാനായത് (ചെലവ്-39195525-52.76%). ഇതിൽ 63സ്പിൽഓവർപ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. 99 പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗുമായി ബന്ധപ്പെട്ടതാണ്. തൻവർഷം എഗ്രിമെന്റ് വച്ച 111 പ്രവൃത്തികളിൽ 96 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്.

പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചെറിയ അടങ്കൽ തുകയിൽ വിവിധ പ്രവൃത്തികൾ നടത്തുന്നതുമൂലം പദ്ധതികളുടെ ബാഹുല്യത്തിനും അതുവഴി പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും പദ്ധതിതുക സമയബന്ധിതമായി ചെലവഴിക്കുന്നതിനും കഴിയാതെ പോയി.

2. പുതുതായി തയ്യാറാക്കിയ പദ്ധതികളിൽ ഉൾപ്പെട്ട വിവിധ റോഡ് പുനരുദ്ധാരണപ്രവൃത്തികൾ, കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി, ഘടക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, എന്നിവയ്ക്കായുള്ള ടെൻഡർ നടപടികൾ പൂർത്തിയായി എഗ്രിമെന്റ് വച്ചത് ഫിബ്രവരി, മാർച്ച് മാസത്തിലാണ്. ആയതിനാൽ മിക്ക പ്രവൃത്തികളും പൂർത്തിയാക്കാനായില്ല.

3. പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ ബാധിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. തൻ വർഷം 1 ലക്ഷം രൂപയോ അതിൽ താഴെയോ തുക വകയിരുത്തിയ 170 പദ്ധതികളുണ്ടായിരുന്നു. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല.

4. ടാറിംഗ്/റീടാറിംഗ് പ്രവൃത്തി പേരിൽമാത്രം ഒതുങ്ങുന്നു. അതും ചെറിയ അടങ്കലിൽതന്നെയാണ് തയ്യാറാക്കുന്നത്. ചെറിയ അടങ്കൽ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇവ ഇ-ടെൻഡറിന്റെ പരിധിയിൽ നിന്നും ഒഴിവാകയും അതുവഴി മൽസര സ്വഭാവമുള്ള ടെൻഡറിന്റെ അഭാവത്തിനുംകാരണമാകാം.

5. പ്രവൃത്തികളുടെ ബാഹുല്യം മൂലം വളരെയധികം ഫയൽ വർക്കും മറ്റു നടപടികളും എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായും ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് കാലതാമസവും ഉണ്ടാക്കാവുന്നതാണ്.

6. വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗും ഫലപ്രദമായി നടത്തുന്നില്ല.

1-28 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.

2021-22 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില 10434/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും, ഇതിൽ 8556/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും 1878/-രൂപ ജി.എസ്.ടി നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.
(വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക)

1-29 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. ആയത് ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് നൽകിയത്/ ഭരണസമിതി തീരുമാനം | എഗ്രിമെന്റ് തീയതി/ കരാറു കാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | ചമ്മണ്ണൂർപടി റോഡ് റീടാറിംങ് (പ്രോജ.നം. 316/21-22) APAC-352000/- ബിൽ നം.7/ 28-06-21 തുക-251010/- | 32/27-08-2020 | 08-10-2020 സൈതലവി.കെ | 3520/- |

1-30 പ്രത്യേക കന്നുകുട്ടി പരിപാലനം- പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭിച്ചിട്ടില്ല.

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ (37/22) എന്ന പ്രോജക്ടിന്റെ ഭാഗമായി 34 ഗുണഭോക്താക്കളുടെ നഗരസഭാ വിഹിതം 212500 രൂപ (34*6250 =212500) പ്രത്യേക കന്നുകുട്ടി പരിപാലനം ,പാലക്കാട് അസിസ്റ്റന്റ് ഡയറക്ടറുടെ (എ.എച്ച്) അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 714021400000008) നൽകിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത കാറൽമണ്ണ ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയുടെ കാലിത്തീറ്റ വിതരണ സ്റ്റോക്ക് രജിസ്റ്റർ, വ്യക്തിഗത നാൾവഴി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 34 ഗുണഭോക്താക്കൾക്ക് 02.04.2022മുതൽ കാലിത്തീറ്റ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് നിർത്തിയതായി വ്യക്തിഗത നാൾവഴി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് വിലാസം | കാലിത്തീറ്റ വാങ്ങിയ കാലയളവ് | നൽകിയ സബ്സിഡി തുക |
|---|---|---|---|
| 1 | സജീഷ് ചുണ്ടയിൽ | 02.04.22 മുതൽ 02.06.2022 വരെ | 2066 |
| 2 | രാധാകൃഷ്ണൻ മുട്ടാടിയിൽ | 02.04.22 മുതൽ 27.09.2022 വരെ | 4730 |
| 3 | മാലതി അച്ചങ്ങാട്ടിൽ | 02.04.22 മുതൽ 27.09.2022 വരെ | 4730 |
| 4 | മുരളീധരൻ ചുണ്ടയിൽ | 02.04.22 മുതൽ 27.09.2022 വരെ | 4730 |

പദ്ധതിയിൽ നിന്ന് ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക എസ്.എൽ.ബി.പി യിൽനിന്നും തിരികെ ലഭ്യമാക്കുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.36/28.01.2023) പ്രത്യേക കന്നുകുട്ടി പരിപാലനം ,പാലക്കാട് അസിസ്റ്റന്റ് ഡയറക്ടർക്ക്, തുക തിരികെ ലഭ്യമാകുന്നതിനും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പദ്ധതിയിൽനിന്നും ഒഴിവായ ഗുണഭോക്താക്കളുടെ സബ്സിഡി തുക തിരികെ ലഭ്യമാക്കി ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-31 അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യൽ- നടപടിക്രമങ്ങൾ സുതാര്യമല്ല

നഗരസഭയിലെ ഡമ്പിംഗ് യാർഡിലുള്ള തരംതിരിക്കാൻ കഴിയാത്ത അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 260/22 നഗരസഭയിൽ ശേഖരിച്ചുവെച്ച അജൈവ മാലിന്യങ്ങൾ സംസ്കരണ ഏജൻസിക്ക് കൈമാറൽ |
| അടങ്കൽ | 5830000 രൂപ – ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 433400 രൂപ |
| കരാറുകാരൻ | മുസ്തഫ.എം, ഒറിയോ ഇൻഡസ്ട്രീസ് പട്ടത്തലച്ചി എലപ്പുള്ളി |
| ബിൽ/ വൗച്ചർ നം.തീയതി | 1) 194/27.12.2021-224700 രൂപ<br>2) 22101192/18.03.2022- 138000 രൂപ<br>3) 556/31.03.2022-070700 രൂപ<br>ആകെ 433400 രൂപ |

1) ക്വട്ടേഷൻ (നം.H/4156/21 തീയതി 14.05.21) ക്ഷണിച്ചതിനെ തുടർന്ന് ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ ഒറിയോ ഇൻഡസ്ട്രീസിനു (@Rs.5/കി.ഗ്രാം) 20.05.2021 ലെ H/4156/21 കത്ത് പ്രകാരം വർക്ക് ഓർഡർ നല്കിയിട്ടുണ്ട്.

2) സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ,സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക2.7 എന്നിവ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ വാങ്ങൽ / സേവനങ്ങൾ സമാഹരിക്കുന്നതിന് ഓപ്പൺ ടെണ്ടർ നടപടി ക്രമങ്ങളിലൂടെ 21 ദിവസത്തെ ദർഘാസ് കാലയളവോടെ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും,ഒരു മലയാളം ദിനപത്രത്തിലും പരസ്യം നൽകി സേവനദാതാവിനെ തെരഞ്ഞെടുക്കേണ്ടതായിരുന്നു.

3) ഒറിയോ ഇൻഡസ്ട്രീസിൽ (GSTIN :32CLMPM5314C2ZF) നിന്നും 2017 ലെ ചരക്ക് സേവന നികുതി നിയമപ്രകാരമുള്ള നിശ്ചിത മാതൃകയിലുള്ള ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ സോളിഡ് വേസ്റ്റിന് ബാധകമായ ചരക്ക് സേവന നികുതി ബില്ലിൽ രേഖപ്പെടുത്തിയിട്ടുമില്ല.

4) ഒറിയോ ഇൻഡസ്ട്രീസിനു നൽകിയ അജൈവ മാലിന്യങ്ങൾ തൂക്കിയിട്ടുള്ളത് ശ്രീലക്ഷ്മി വെയ് ബ്രിഡ്ജ്, ചുള്ളിമട, കഞ്ചിക്കോട് എന്ന സ്ഥാപനത്തിലാണ്. ശ്രീലക്ഷ്മി വെയ് ബ്രിഡ്ജിൽ നിന്നും ലഭിച്ച ബില്ലിലെ തൂക്കത്തിനനുസരിച്ചാണ് നഗരസഭ തുക നൽകിയിരിക്കുന്നത്. അജൈവ മാലിന്യങ്ങൾ

ളുക്കുന്ന വേളയിൽ നഗരസഭാ ഉദ്യോഗസ്ഥർ സന്നിദ്ധരായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് അന്വേഷണത്തിന് (നം.19/24.01.2023) അജൈവ മാലിന്യങ്ങൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതിനാലാണ് ക്വൊട്ടേഷൻ മുഖാന്തിരം പ്രവൃത്തി നിർവ്വഹിച്ചതെന്നും, മാലിന്യങ്ങൾ നീക്കം ചെയ്യുന്നസമയത്ത് ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ സന്നിദ്ധരായി തൂക്കം ഉറപ്പുവരിത്തി മാത്രമേ തുക നൽകുകയുള്ളു എന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ.

* മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ശുചിത്വ മിഷൻ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

* കരാറുകാരിൽ നിന്നും നിയമാനസൃത നികുതികൾ കുറവ് ചെയ്യേണ്ടതാണ്.

* മാലിന്യങ്ങൾ നീക്കം ചെയ്യുന്ന സമയത്തുതന്നെ തൂക്കം ഉറപ്പുവരുത്തേണ്ടതാണ്.

1-32 വെറ്ററിനറി സർജ്ജൻ- പദ്ധതി നിർവ്വഹണം ചെലവുകൾ മുഴുവനായും അക്കൗണ്ട് ചെയ്തിട്ടില്ല

1) ഗുണഭോക്തൃവിഹിതം നൽകിയത് -ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ സുഭിക്ഷ കേരളം - മുട്ടക്കോഴി വിതരണം എന്ന പ്രൊജക്ടിന്റെ ഭാഗമായി ഗുണഭോക്തൃവിഹിതം പ്രൊജക്ടിൽ ഉൾപ്പെടുത്തുകയും പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ വിഭവ സ്രോതസ് കണക്കാക്കിയതിൽ ഗുണഭോക്തൃവിഹിതം നഗരസഭയിൽ അടവാക്കുന്നതായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾ നേരിട്ട് നഗരസഭയിൽ അടവാക്കിയ ഗുണഭോക്തൃവിഹിതം, കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത തിരുമിറ്റക്കോട് എഗ്ഗർ നഴ്സറിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികകളിൽ രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം പദ്ധതികളുടെ യഥാർത്ഥ ചെലവ് അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് | 40/22 സുഭിക്ഷ കേരളം - മുട്ടക്കോഴി വിതരണം (എസ്.സി) | 39/22 സുഭിക്ഷ കേരളം - മുട്ടക്കോഴി വിതരണം |
| അടങ്കൽ | 30600 -വികസന ഫണ്ട് എസ്.സി.പി | 21000 -വികസന ഫണ്ട്(ജനറൽ ) |
| | 18900 - വികസന ഫണ്ട്(എസ്.സി.പി) | 39000 -തനതു ഫണ്ട് |
| | 16500 ഗുണഭോക്തൃ വിഹിതം | 60000 ഗുണഭോക്തൃ വിഹിതം |
| | ആകെ 66000 | ആകെ 120000 |
| ചെലവ് | 18900 വികസന ഫണ്ട്<br>6300 ഗുണഭോക്തൃ വിഹിതം<br>(22101314/27.03.22-ചെക്ക് 781414/26.03.22) | 39000 -തനതു ഫണ്ട്<br>39000 -ഗുണഭോക്തൃ വിഹിതം<br>(22101315/27.03.22-ചെക്ക് 781415/26.03.22) |

2) വിവിധ പ്രൊജക്ടുകൾക്ക് തനതു ഫണ്ട് വിഹിതം ചെലവഴിച്ചത്- നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

തൻവർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾക്കായി തനതു ഫണ്ടിൽനിന്നും തുക വകയിരുത്തുകയും

ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രികയിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | 37/22 സുഭിക്ഷകേരളം-കന്നുകുട്ടി പരിപാലനം | 39/22 സുഭിക്ഷകേരളം -മുട്ടക്കോഴി വിതരണം | 42/22 ആട്ടുവളർത്തൽ വനിത |
|---|---|---|---|
| അടങ്കൽ | 312500-സംസ്ഥാനാവിഷ്കൃതം | 21000-വികസന ഫണ്ട്(ജനറൽ) | 59400-വികസന ഫണ്ട്(ജനറൽ) |
| | 312500 തനതുഫണ്ട് | 39000-തനതു ഫണ്ട് | 180600-തനതു ഫണ്ട് |
| | 625000 ഗുണഭോക്തൃവിഹിതം | 60000 ഗുണഭോക്തൃ വിഹിതം | 240000-ഗുണഭോക്തൃ വിഹിതം |
| | ആകെ 125000 | ആകെ 120000 | ആകെ 480000 |
| ചെലവ് | 212500 | 78000 | 108000 |
| വൗച്ചർ നം.തിയതി | 22101190/ 18.03.22 212500 രൂപ | 22101315/ 27.03.22 39000 രൂപ | 22101461/ 31.03.22 108000 രൂപ |
| | - | 22101460/ 31.03.2022- 39000 രൂപ | - |
| ചെക്ക് നം. | 5730131/18.03.22) | 781415/ 26.03.22) | 908323/ 31.03.22) |
| | - | 908323/ 31.03.22) | - |

തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/21.01.2023) സുലേഖ പത്രികയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന്, ഐ.കെ.എം സംസ്ഥാന ഡയറക്ടർക്ക് 2021-22 വർഷത്തെ Pending Task Enable ആക്കി തരുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, ന്യൂനത പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പദ്ധതി ചെലവ് മുഴുവനായും ചെലവ് പത്രികയിൽ യഥാസമയം പ്രതിഫലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-33 കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് വിരുദ്ധമായി മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങി

ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക്, മറ്റ് അജൈവ മാലിന്യങ്ങൾ ഷ്രെഡിംഗ് യൂണിറ്റിലേക്കും, എം.സി.എഫ് എന്നിവിടങ്ങളിലേക്ക് മാറ്റുന്നതിന് ഉപയോഗിക്കാവുന്ന വാഹനം വാങ്ങുന്നതിനാണ് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് രൂപീകരിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | 244/22 മാലിന്യ സംസ്കരണത്തിന് വാഹനം വാങ്ങൽ |
| അടങ്കൽ | 800000 രൂപ<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| ബിൽ നം | 470/22 17.03.2022 -757075 രൂപ (Pfms Id-C032242687232/18.03.22) |
| വൗച്ചർ നം.തിയതി | 2210191/18.03.22 |
| ഇൻവോയ്സ് നം. | 1222702145042/30.03.2022 - 757075 രൂപ |

സ.ഉ.(എം.എസ്) നം.86/2006/ത.സ്വ.ഭ.വ തീയതി 31.03.2006 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 3 പ്രകാരം ഖരമാലിന്യങ്ങൾ സംസ്കരിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് പ്രത്യേകം രൂപകല്പന ചെയ്ത വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വാഹനം വാങ്ങുന്നതിന് 27.07.2021 ലെ പി1/1588/21 നം. കത്ത് പ്രകാരം കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് അപേക്ഷിക്കുകയും , വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ 4.37 നം. തീരുമാന പ്രകാരം 31.03.2006 ലെ 86/2006 /ത.സ്വ.ഭ.വ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ മാലിന്യശേഖരണത്തിന് "പ്രത്യേകം രൂപകല്പന ചെയ്ത വാഹനമാകണമെന്ന" നിബന്ധനയോടെ അനുമതി നൽകിയിട്ടുണ്ട്.

ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ അനുസരിച്ച് സൈഡ് ബോഡി ഉയർന്നതും മേൽക്കൂര കവർ ചെയ്യുന്നതുമായ Garbage Tipper Model വാഹനം GeM മുഖാന്തിരം വാങ്ങുന്നതിന് തീരുമാനിക്കുകയും , ഐ.കെ.എം ടെക്നിക്കൽ എക്സ്പെർട്ടിന്റെ സഹായത്തോടെ GeM പോർട്ടലിൽ പരിശോധിച്ച് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള Mahindra Diesel BS 5 VI-Hopper Tipper (@705848 രൂപ അടിസ്ഥാന വില) വാങ്ങുന്നതിന് ശുപാർശ നൽകിയതാണ്. എന്നാൽ ബിഡ് പ്രകാരം വാഹനം വാങ്ങൽ വൈകുന്നതുകാരണം അടിയന്തിരമായി മോഡലിൽ മാറ്റം വരുത്തി GeM പോർട്ടലിൽ മഹീന്ദ്ര കമ്പനിയ്ക്ക് നേരിട്ട് Bolero Pik-up Flat Body Model ന് ഓർഡർ നൽകുകയും 757075 രൂപയ്ക്ക് വാഹനം വാങ്ങുകയും ചെയ്തിട്ടുണ്ട്.

സൈഡ് ബോഡി, ടോപ്പ് എന്നിവ ചെയ്യുന്നതിന് PWD മെക്കാനിക്കൽ ഡിവിഷൻ എക്സി.എഞ്ചിനീയറുടെ 17.10.2022 ലെ 97400 രൂപയുടെ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയും 19.12.2022 ന് കുളപ്പുള്ളി ചന്ദ്രാ ഓട്ടോമൊബൈൽ & എഞ്ചിനീയറിംഗ് വർക്സിന് വർക്ക് ഓർഡർ നൽകിയതായും കാണുന്നു നാളിതുവരെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. GeM പോർട്ടലിൽ നിന്നും മാലിന്യ ശേഖരണത്തിന് അനുയോജ്യമായ വാഹനം വാങ്ങിയിരുന്നെങ്കിൽ 97400 രൂപയുടെ അധിക ചെലവ് ഒഴിവാക്കാമായിരുന്നു. GeM പോർട്ടലിൽ മാലിന്യ ശേഖരണത്തിന് അനുയോജ്യമായ പ്രത്യേകം രൂപകല്പന ചെയ്ത വാഹനം ലഭ്യമായിരിക്കെ, കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിക്ക് വിരുദ്ധമായി Flat Body Model വാഹനം വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/21.01.2023) വാഹനം GeM പോർട്ടലിൽ നിന്നും ലഭ്യമാകുന്നതിന് 84 ദിവസത്തെ താമസം വരുന്നതിനാലും , പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് Flat Body Model വാഹനം വാങ്ങിയതെന്നും , Hopper Tipper ന് 3 M3 കപ്പാസിറ്റിയാണ് ഉള്ളതെന്നും ആയതിൽ 1.5 M3 ജൈവ മാലിന്യം ശേഖരിക്കുന്നതിനും , 1.5 M3 അജൈവ മാലിന്യം ശേഖരിക്കുന്നതിനും ആയി വേർത്തിരിച്ചിരിക്കുന്നു. മാലിന്യത്തിന്റെ അളവ് വൻതോതിൽ

വർദ്ധിച്ചതിനാലാണ് കപ്പാസിറ്റി കൂടിയ Bolero Pik-up Flat Body Model വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* വാഹനം അടിയന്തിരമായി മാലിന്യ ശേഖരണത്തിന് ഉപയുക്തമാക്കേണ്ടതാണ്.

* നടപടി ക്രമങ്ങളിലെ അപാകതകൾക്ക് സർക്കാറിന്റെ അനുമതി ലഭ്യമാക്കേണ്ടതാണ്.

1-34 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കേരള വാട്ടർ അതോറിറ്റിയിലേക്ക് (പി.എച്ച് ഡിവിഷൻ ഷൊർണ്ണൂർ ) താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 277/22 കേരള വാട്ടർ അതോറിറ്റി കുടിവെള്ളവിതരണ ലൈൻ ദീർഘിപ്പിക്കൽ | 1) 198/27.12.2021 | 1341000 |
| | | 2)356/02.03.2022 | 324000 |
| | | 3)516/24.03.2022 | 962131 |
| | | ആകെ | 2627131 |
| | 323/22 അങ്കണവാടികളിലേക്ക് വാട്ടർ അതോറിറ്റി ലൈനിൽനിന്ന് കുടിവെള്ള കണക്ഷൻ എടുക്കൽ | 532/26.03.2022 | 158464 |

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/25.01.2023) ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്.

1-35 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കി

നഗരസഭ നേരിട്ട് നടത്തുന്ന വിവിധ കുടിവെള്ള പദ്ധതികളിൽ മോട്ടോർ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | 263/22 പന്നിയംകുർശി, നായാടിക്കുന്ന്, മുട്ടിയാംകുന്ന് , പത്തായപ്പുര എന്നീ കോളനികളിലെ കുടിവെള്ള പദ്ധതികളിൽ പുതിയ മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ | സി.എഫ്.സി ഗ്രാന്റ് - 131000 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| കരാറുകാരൻ | ലിയാക്കത്തലി |
| ഭരണാനുമതി | 1(1) 21.03.2022 |
| സാങ്കേതിക അനുമതി | 101/2021-22തീ.22.03.2022 |
| വൗച്ചർ നം | 22101486/31.03.2022 -131000 രൂപ |
| എഗ്രിമെന്റ് നം. | 06/2021-22 Dt 23.03.2022 |

സ.ഉ(കൈ)നം. 17/2018/ത.സ്വ.ഭ.വ തീയതി: 02.02.2018 പ്രകാരമുള്ള 13-ാം പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 3.5.1(3) I പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പ്രോജക്റ്റ് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക 3.5.1(3) V പ്രകാരം ചുമതലപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്കോ, വൈദഗ്ധ്യമേഖല കണക്കിലെടുത്ത് മറ്റു അനുയോജ്യരായ ഉദ്യോഗസ്ഥർക്കോ, പ്രോജക്റ്റുകളുടെ ചുമതല ഭരണ സമിതി തീരുമാന പ്രകാരം നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം ലഭ്യമായിരിക്കെ , സെക്രട്ടറി മേൽ പ്രൊജക്റ്റിന്റെ നിർവ്വഹണം നടത്തിയത് ക്രമപ്രകാരമല്ല. പഴയ മോട്ടോർ തിരികെ ഏല്പിച്ചതായോ, പുനരുപയോഗിക്കാൻ പറ്റാത്തതാണെങ്കിൽ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.22/24.01.2023) തകരാറിലായ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർണ്ണമായും വാങ്ങൾ ആയതിനാൽ മേലുദ്യോഗസ്ഥനിൽനിന്നും വെറ്റിംഗ് ലഭിക്കില്ലെന്ന് അസി.എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് സെക്രട്ടറി നിർവ്വഹണം നടത്തിയതെന്നും, പഴയമോട്ടോറുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും, ആയത് ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രൊജക്റ്റുകളുടെ നിർവ്വഹണം നടത്തേണ്ടതാണ്.

* പഴയ മോട്ടോർ ലേലം ചെയ്ത് തുക തനതുഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

1-36 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - പിഴ ഒടുക്കിയത് തിരികെ ഈടാക്കേണ്ടതാണ്.

കെ.എസ്.ഇ.ബി,ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ( കൺസ്യൂമർ നം.1165413028269) അടവാക്കിയതിൽ പിഴ തുക കൂടി അടവാക്കിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം | തുക | ഇൻവോയ്സ് നം | ബിൽ പീരീയേഡ് | വൈദ്യുതി ചാർജ്ജ് | പിഴ | ആകെ |
|---|---|---|---|---|---|---|---|
| 1 | 22100014/17.04.21 | 200948 | 6541210406717/05.04.21 | 03/21 | 176866 | 2148 | 179014 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 22100086/28.05.21 | 190991 | 6541210512002/06.05.21 | 05/21 | 176866 | 233 | 177099 |
| 3 | 22100354/17.08.21 | 196867 | 6541210805776/04.08.21/ | 08/21 | 176866 | 408 | 177274 |
| 4 | 22101055/21.02.22 | 134460 | 6541220206251/04.02.21 | 02/22 | 106672 | 316 | 106988 |
| | | | ആകെ | | | 3105 | |

നഗരസഭയുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതും , എല്ലാ മാസവും ആവർത്തിച്ചുവരുന്നതുമാണ് വൈദ്യുതി ചാർജ്ജ് അടവാക്കൽ . തനതു ഫണ്ടിൽ മതിയായ തുക നീക്കിയിരുപ്പ് ഉണ്ടായിരിക്കെ പിഴയോടുകൂടി തുക ഒടുക്കിയത് അംഗീകരിക്കുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/24.01.2023) ജീവനക്കാരുടെ കുറവും തുക സമയ ബന്ധിതമായി അടവാക്കുന്നതിൽ കാലതാമസം വരുന്നുണ്ടെന്നും, 01/21 മുതൽ 03/21 വരെയുള്ള സംയുക്ത പരിശോധനയ്ക്ക് ശേഷം നൽകിയ ബില്ലുകളിലും സോഡിയം വേപ്പർ ലാമ്പ്, ഫിലമെന്റ് ബൾബുകൾ എന്നിവയുടെ തുക കൂടി ഉൾപ്പെട്ടിരുന്നു, ആയത് ക്രമീകരിക്കുന്നതിന് കെ.എസ്.ഇ.ബിയോട് ആവശ്യപ്പെട്ടതിനാലാണ് വൈദ്യുത ബില്ലുകൾ അടവാക്കുന്നതിൽ കാലതാമസം വന്നതെന്ന് മറുപടിനൽകിയിട്ടുണ്ട്.സംയുക്ത പരിശോധനയ്ക്ക് ശേഷം നൽകിയ ബില്ലുകളുലെ നിരക്ക് വ്യത്യാസം (176866-106672=70194രൂപ) തുടർബില്ലുകളിൽനിന്ന് ക്രമീകരിക്കേണ്ടതാണ്. പിഴ തുക 3105 രൂപ തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- ശമ്പളത്തിൽനിന്നും വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്തതിട്ടില്ല.

മുൻസിപ്പൽ സെക്രട്ടറി ശ്രീ എ നൗഷാദിന് (പെൻ നമ്പർ 645745) അനുവദിച്ച ക്വാർട്ടേഴ്സിന്റെ വാടകയായി പ്രതിമാസം 10000 രൂപ വീതം ശ്രീ.എം.ഗോപിനാഥൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. തീയതി | ചെക്ക് നം. | തുക |
|---|---|---|
| 22100026/22.04.21 | 237340/22.04.21 | 10000 |
| 22100064/17.05.21 | 237365/17.05.21 | 10000 |
| 22100107/02.06.21 | 237394/02.06.21 | 10000 |
| 22100198/16.07.21 | 582163/16.07.21 | 10000 |
| 22100321/11.08.21 | 582209/11.08.21 | 10000 |
| 22100443/16.09.21 | 178334/16.09.21 | 10000 |
| ആകെ | | 60000 |

G.O.(P) No.7/2016/Fin. Dated 20/01/2016, G.O.(P)No.27/2021/Fin Dated 10/02/2021 എന്നിവ പ്രകാരമുള്ള ശമ്പളപരിഷ്കരണ ഉത്തരവുകളിലെ ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി സ്പാർക്ക് മുഖാന്തിരം ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരനായതിനാൽ മറ്റു റഗുലർ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിൽ ഉൾപ്പെടുന്നില്ല. ടിയാൻ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി മുഖാന്തിരം കൈപ്പറ്റിയ ശമ്പളത്തിൽ വീട്ടുവാടക ബത്ത ഉൾപ്പെടെയാണ് വാങ്ങിയിട്ടുള്ളത് .

ശ്രീ നൗഷാദ് എ സെക്രട്ടറിയുടെ ശമ്പള ബില്ലിൽനിന്നും വീട്ടു വാടക ബത്ത കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/25.01.2023) വീട്ടു വാടക ബത്ത നൽകിയത് തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വീട്ടു വാടക ബത്തയിനത്തിൽ കൈപ്പറ്റിയ 22932 രൂപ ടിയാനിൽനിന്നും ഈടാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ശമ്പളം നൽകിയതിന്റെ വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. തുടർ

നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-38 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പരും പേരും | 7 /22: ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് . |
| അടങ്കൽ | 1943100 (വികസനഫണ്ട് – 1600000 + തനതുഫണ്ട് – 343100 ) |
| ചെലവ് | 1938400 ( വികസനഫണ്ട് – 1600000 + തനതുഫണ്ട് – 338400 ) |
| ബിൽ നമ്പർ | 7 / 23.10.21 – 845400<br>15 / 21.01.22 – 754600<br>റിക്വിസിഷൻ നമ്പർ – 3127016201210026 / 14.03.22 – 190300<br>റിക്വിസിഷൻ നമ്പർ – 3127016201210017 / 10.01.22 – 106800<br>റിക്വിസിഷൻ നമ്പർ – 3127016201210033 / 31.03.22 – 41300 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 78 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് . പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന 67 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ രേഖ , ദിനേഷ് , ഉമ്മർഫാറൂഖ് , മുഹമ്മദ് ഇർഫാൻ .ടി , രാഗേഷ്. പി.എസ് , അർജ്ജുൻ .പി.എസ് , മുഹമ്മദ് അനീസ് എന്നീ 7 വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകിയിട്ടില്ല. ദേവദത്ത് പി.കെ എന്ന വിദ്യാർത്ഥിക്ക് അർഹമായതിലും കൂടുതൽ ( 29100 രൂപ ) നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് .

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്പെഷൽ സ്കൂളുകളിലോ നോർമൽ

സ്കൂളുകളിലോ പഠിക്കുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പിനു പുറമെ പ്രതിമാസ യാത്രാബത്ത, പഠനസാമഗ്രികൾക്കുള്ള വാർഷികബത്ത, പഠനയാത്രക്കായുള്ള വാർഷിക ബത്ത എന്നിവയടക്കം പരമാവധി 28,500/- രൂപ വരെ നൽകാവുന്നതാണ്. എന്നാൽ മേൽ സൂചിപ്പിച്ച 7 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

കൂടാതെ ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അർഹമായതിലും കുറഞ്ഞ നിരക്കിൽ സ്കോളർഷിപ്പ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നമ്പർ | പേര് | പഠിക്കുന്ന സ്റ്റാന്റേർഡ് | അർഹമായ സ്കോളർഷിപ്പ് (പ്രതിമാസ സ്കോളർഷിപ്പ് + വാർഷിക ബത്ത ) | നൽകിയ സ്കോളർഷിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | മുഹമ്മദ് അൻസാബിത് | 5th | 6600 | 5000 | 1600 |
| 2 | ജിഷ്ണ | Plus Two | 8000 | 6000 | 2000 |
| 3 | മുഹമ്മദ് സബീൽ ടി.കെ | 8th | 6600 | 6000 | 600 |
| 5 | മറിയം | 2nd | 5300 | 4000 | 1300 |
| 5 | മുഹമ്മദ് അൻസിൽ .ടി.പി | 9th | 8000 | 6000 | 2000 |
| 6 | സിദ്ധാർത്ഥൻ കെ | BA | 13000 | 10000 | 3000 |
| 7 | അഭിനയ് ബി കൃഷ്ണ | Plus Two | 8000 | 6000 | 2000 |
| 8 | അഭിനവ്. ബി . കൃഷ്ണ | Plus Two | 8000 | 6000 | 2000 |
| 9 | വർഷ.പി.വി | Bcom | 13000 | 10000 | 3000 |
| 10 | ഷിബില | 10th | 8000 | 1800 | 6200 |
| 11 | നിഷിദ ഫാത്തിമ | 3rd | 5300 | 4000 | 1300 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം- 9 /21.01.23 ) മറുപടി ലഭ്യമായില്ല.

ഭാവിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന പ്രകാരം അർഹമായ നിരക്കിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക അനുവദിച്ച് പദ്ധതി ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 അങ്കണവാടി പോഷകാഹാര പരിപാടി - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പൂരക പോഷകാഹാരം എന്ന പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് വാങ്ങിയ വകയിൽ സ്വദേശി ഫുഡ്സ് (KUDMBASREE UNIT) എന്ന സ്ഥാപനത്തിന് ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി കിഴിവ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | 5/22- അങ്കണവാടി പൂരകപോഷകാഹാരം -ജനറൽ |
| അടങ്കൽ | 3500000 (വികസനഫണ്ട് –2300000 + കേന്ദ്രാവിഷ്കൃത ഫണ്ട് – 1000000 + Others –200000 ) |
| ചെലവ് | 2369631 (വികസനഫണ്ട് –2299743 + കേന്ദ്രാവിഷ്കൃത ഫണ്ട് –69888 ) |
| ബിൽ നം, തീയതി | 1 / 22.07.21 – 615597<br>2 / 22.07.21 – 291832<br>3 / 18.08.21 – 467133<br>5 / 20.10.21 – 601181<br>14 / 21.01.22 – 324000<br>റിക്വിസിഷൻ നമ്പർ – 312701620121006 / 16.10.21 – 69888 |

ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | ബിൽ നമ്പർ തീയതി | തുക | ഇൻവോയ്സുകളുടെ എണ്ണം | അമൃതം ആരോഗ്യമിക്സ് തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 1 / 22.07.21 – | 615597 | 4 | 432810 | |
| 2 | 2 / 22.07.21 – | 291832 | 4 | 136695 | |
| 3 | 3 / 18.08.21 – | 467133 | 4 | 359500 | |
| 4 | 5 / 20.10.21 – | 601181 | 1 | 394856 | |
| 5 | 14 / 21.01.22 – | 324000 | 1 | 324000 | Gst Paid |
| 6 | റിക്വിസിഷൻ നമ്പർ- 312701620121006 / 16.10.21 - | 69888 | 2 | 65130 | |
| 7 | റിക്വിസിഷൻ നമ്പർ – 3127016201210020 / 10.01.22 – | 238448 | 1 | 238448 | Gst Paid |

| | | | | | |
|---|---|---|---|---|---|
| 8 | റിക്വിസിഷൻ നമ്പർ – 312706201210023 / 2.03.22 – | 317520 | 1 | 317520 | Supplyco |
| 9 | റിക്വിസിഷൻ നമ്പർ- 312701620121210031 / 26.03.22 – | 44651 | 1 | 36465 | |
| 10 | റിക്വിസിഷൻ നമ്പർ- 3127016-20121210025 / 14.03.22 - | 21850 | 1 | 21850 | Gas Bill Statement |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിൽ കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവൃത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം അമൃതം ന്യൂട്രിമിക്സ് / ആരോഗ്യമിക്സ് വാങ്ങിയ വകയിൽ ബിൽ നമ്പർ - 14 / 21.01.22 , Requisition No – 3127016201210020 /10.01.22 എന്നീ ബില്ലുകൾ പ്രകാരമുള്ള വാങ്ങലുകളിലൊഴികെ ബാക്കി എല്ലാ ബില്ലുകൾ പ്രകാരമുള്ള വാങ്ങലുകളിലും 2% ജി എസ് ടി ഉൾപ്പെടെ മുഴുവൻ തുകയും സ്വദേശി ഫുഡ്സ് - KUDMBASREE UNIT ( GSTIN32ACLFS3513P1ZT ) എന്ന സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്.

ബില്ലുകളിൽ നിന്നും നിയമാനുസൃതമായ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 15/23.01.22 ) മറുപടി ലഭ്യമായിട്ടില്ല

കരാർ തുക 2.50 ലക്ഷം രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകളിൽ തുക അനുവദിക്കുമ്പോൾ ബില്ലിൽ നിന്നും നിയമാനുസൃതം 2% ജി.എസ്.ടി ടി.ഡി.എസ് കുറവു ചെയ്തതിനു ശേഷം മാത്രം അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-40 ക്യാഷ് ബുക്കിൽ ചെലവുകൾ രേഖപ്പെടുത്തിയില്ല.

സ.ഉ(പി)177/2006/fin Dt 12.04.2006, സ.ഉ(പി)119/2015/fin Dt 21.03.2015 എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ TR-7A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. കൃഷി ഓഫീസർ, നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 ൽ കൃഷി ഓഫീസിലെ ദൈനംദിന ചെലവുകൾ (പ്രൊജക്ട് നമ്പർ - 53 ) എന്ന പ്രൊജക്ടിന് 5000 രൂപ മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം ) ൽ നിന്നും ചെലവഴിച്ചതിന്റെയും , സമഗ്ര നെൽകൃഷി വികസനം (പ്രൊജക്ട് നമ്പർ - 49 ) എന്ന പ്രൊജക്ടിന് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 405000 രൂപയുടെയും തനതുഫണ്ടിൽ നിന്നും ചെലവഴിച്ച

1746301 രൂപയുടെയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച 580515 രൂപയുടെയും ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 35 / 27.01.23 ) മേൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ ക്യാഷ്ബുക്കിൽ ചേർക്കുന്നതിന് വിട്ടുപോകുകയുണ്ടായി എന്നും ഡി.ബി.ടി മുഖേന ട്രഷറിയിൽ നിന്ന് നേരിട്ട് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുള്ള തുകകളാണെന്നും നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട് .

നിർദ്ദേശം

നിർവ്വഹണഉദ്യോഗസ്ഥൻ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്കിൽ എല്ലാ വരവു ചെലവുകളും എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-41 തരിശുഭൂമിയിലെ കൃഷി - മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തിയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2.2.3പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. 2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെചേർക്കുന്ന പദ്ധതിയിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ , പേര് | 50 സുഭിക്ഷകേരളം - തരിശുഭൂമി വിളയിറക്കൽ - നെൽകൃഷി |
| നിർവ്വഹണം | കൃഷി ഓഫീസർ |
| അടങ്കൽ | 120750 ( വികസനഫണ്ട് - 120000 + മറ്റുള്ളവ – 750 ) |
| ചെലവ് | 112840 |
| ബിൽനമ്പർ | 3 / 13.01.22 – 112840 |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം- 17/23.01.23 ) മറുപടി ലഭ്യമായിട്ടില്ല.

പദ്ധതിനിർവ്വഹണം മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച് മാത്രം നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹിച്ച പദ്ധതികൾ - ചെലവുകൾ പൂർണ്ണമായി അക്കൗണ്ട് ചെയ്തിട്ടില്ല

തൻവർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്റ്റുകൾക്കായി തനതു ഫണ്ട് , കേന്ദ്രാവിഷ്കൃതഫണ്ട് എന്നിവയിൽ നിന്നും തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവു പത്രികയിൽ ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്റ്റ് നമ്പർ / പേര് | 7 /22ശാരീരിക മാനസിക | 5 /22- അങ്കണവാടി പൂരകപോഷകാഹാരം | 11/ 22വിധവകളുടെ പെൺമക്കളുടെ | 20 /22 ബഡ്സ് സ്കൂൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | -ജനറൽ | വിവാഹധനസഹായം | അധ്യാപകൻ , ആയ എന്നിവർക്ക് ഹോണറേറിയം നൽകൽ |
| അടങ്കൽ | 1600000 - (വികസന ഫണ്ട് -ജനറൽ ) | 2300000 -വികസന ഫണ്ട് ജനറൽ ) | 570000 (വികസന ഫണ്ട് ജനറൽ ) | 144444 (വികസന ഫണ്ട് ജനറൽ ) |
| | 343100 - തനതു ഫണ്ട് | 1000000 - കേന്ദ്രാവിഷ്കതഫണ്ട്<br>200000 മറ്റുള്ളവ | 180000(തനതു ഫണ്ട് ) | 47950 (തനതു ഫണ്ട് ) |
| | ആകെ - 1943100 | ആകെ 3500000 | ആകെ 750000 | ആകെ 192394 |
| ചെലവ് | 1938400 (വികസന ഫണ്ട് ജനറൽ –1600000 + തനതു ഫണ്ട് -338400 | 2369631 (വികസന ഫണ്ട് ജനറൽ -2299743 +തനതു ഫണ്ട് -69888 | 480000 (വികസന ഫണ്ട് ജനറൽ – 330000 + തനതു ഫണ്ട് -150000 | 162900 ( വികസന ഫണ്ട് ജനറൽ – 115500 + തനതു ഫണ്ട് -47400) |
| ബിൽനം.തിയതി | 7/ 23.10.21 845400 രൂപ<br>15 / 21.01.22 - 754600<br>റിക്വിസിഷൻ നമ്പർ – 3127016201210026 / 14.03.22 - 190300<br>റിക്വിസിഷൻ നമ്പർ 3127016201210017 / 10.01.22 - 106800<br>റിക്വിസിഷൻ നമ്പർ 3127016201210033 / 31.03.22 - 41300 | 1/22.07.21 – 615597<br>2 / 22.07.21 – 291832<br>3 / 18.08.21 – 467133<br>5 / 20.10.21 – 601181<br>14 / 21.01.22 – 324000<br>റിക്വിസിഷൻ നമ്പർ – 31270162012100 06/ 16.10.21 - 69888 | 4 / 18.08.21 – 210000<br>13 / 18.12.21 – 120000<br>Requisition No – 3127016201210034 / 31.03.22 - 150000 | 8 /23.1021 – 23100<br>9 /23.10.21 - 23100<br>11 /12.11.21 -23100<br>12 / 18.12.21 -23100<br>16 / 21.01.22- 23100<br>Requisition No – 3127016201210022 / 02.03.22 - 23100<br>Requisition No – 3127016201210028 / 19.03.22 – 23100<br>Requisition No – 3127016201210024 / 02.03.22 -1200 |

വിവിധ ഫണ്ടുകളിൽ നിന്നുംചെലവഴിച്ച തുകകൾ ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/23.01.2023) സുലേഖ

പത്രികയിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന് , ഐ.കെ.എം സംസ്ഥാന ഡയറക്ടർക്ക് 2021-22 വർഷത്തെ Pending Task Enable ആക്കി തരുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും, ന്യൂനത പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിർദ്ദേശം

* പദ്ധതി ചെലവ് മുഴുവനായും ചെലവ് പത്രികയിൽ യഥാസമയം പ്രതിഫലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-43 അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി അവലോകനം

നഗരങ്ങളിലെ ദാരിദ്ര്യ ലഘൂകരണപ്രക്രിയയിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഒരു പദ്ധതിയാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധ കായികതൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഒരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തികവർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിതസുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെ ലക്ഷ്യം . 2015 നവംബർ 1 ന് രൂപീകൃതമായ ചെർപ്പുളശ്ശേരി നഗരസഭ 32 സ്ക്വയർ കിലോമീറ്ററുകളിലായി വ്യാപിച്ചുകിടക്കുന്നു. 33 വാർഡുകളിലായി ഏകദേശം 52465 ജനങ്ങൾ താമസിക്കുന്നു. അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിക്കായി 2021 – 22 സാമ്പത്തികവർഷത്തിൽ 313853 തൊഴിൽദിനങ്ങൾ അടങ്ങുന്ന 128462037 രൂപയുടെ ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും തയ്യാറാക്കിയിട്ടുണ്ട് . ആയതിന് 19.02.2021 ലെ നമ്പർ 4 കൗൺസിൽ തീരുമാനം പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവർത്തികളുടെയും ചെലവിന്റെയും വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | പദ്ധതികളുടെ വിവരം | ചെലവഴിച്ച തുക |
|---|---|---|
| 1 | സ്വകാര്യ ഭൂമിയിലെ ഇടപെടലുകൾ , കമ്പോസ്റ്റുകുഴി നിർമ്മാണം പ്രവർത്തികൾ | 1447304 |
| 2 | മഴക്കാലപൂർവ്വശുചീകരണം , അരികുചാൽനവീകരണം പ്രവർത്തികൾ | 3821538 |
| 3 | ക്ഷീരകർഷകർ | 611100 |
| 4 | മാലിന്യശേഖരണവും സംസ്കരണവും | 444557 |
| 5 | വെള്ളച്ചാൽ നവീകരണം | 17760 |
| 6 | പുഴയോരസംരക്ഷണം , താല്ക്കാലിക ബണ്ട് നിർമ്മാണം | 48998 |
| 7 | പി.എം.എ.വൈ. ധനസഹായം | 1455241 |
| 8 | സാലറി | 579650 |
| 9 | ആകെ | 8426148 |

നഗരസഭയാണെങ്കിലും ഭൂരിഭാഗവും ഗ്രാമ പ്രദേശമായതിനാൽ വൈവിധ്യമാർന്ന പദ്ധതികളായ നഴ്സറി നിർമ്മാണം, വരൾച്ചാ നിവാരണം, വനവൽക്കരണം, റോഡ് നിർമ്മാണം, ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള വിവിധ പദ്ധതികൾ എന്നിവയും ഏറ്റെടുക്കുന്നതിനുള്ള സാധ്യത കൂടുതലാണ്. എന്നാൽ ഇത്തരം സാധ്യതകളെ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 40/30.01.23 ) 2421 തൊഴിൽകാർഡ് നൽകിയിട്ടുണ്ടെങ്കിലും 763 തൊഴിലാളികൾ മാത്രമാണ് ആക്റ്റീവായി പ്രവർത്തിക്കുന്നത് എന്നും വിദഗ്ധ തൊഴിലാളികളുടെ അഭാവവും ഫണ്ട് അപര്യാപ്തതയും കാരണമാണ് മേൽപരാമർശിച്ച പദ്ധതികൾ

ഏറ്റെടുക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

നഗരസഭാ പ്രദേശത്ത് പ്രായോഗികമായ പ്രവൃത്തികളെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനും അതിനനുസരിച്ച് കൂടുതൽ കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-44 പി.എം.എ.വൈ ഭവന പദ്ധതി- അവലോകനം

പി.എം.എ.വൈ ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ പറയുന്നു

| ഡി.പി.ആർ | അടങ്കൽ (IN LAKHS) | ലഭ്യമായ ഫണ്ട് | | ആകെ ചെലവ് (IN LAKHS) |
|---|---|---|---|---|
| | | കേന്ദ്രവിഹിതം , സംസ്ഥാനവിഹിതം (IN LAKHS) | നഗരസഭാവിഹിതം (IN LAKHS) | |
| 1 | 400 | 195 | 201.5 | 396.5 |
| 2 | 1312 | 636.4 | 644.4 | 1280.8 |
| 3 | 816 | 397.6 | 350.8 | 748..4 |
| 4 | 560 | 114.4 | 194.6 | 309 |
| 5 | 16 | 0 | 3.2 | 3.2 |
| 6 | 576 | 0 | 0 | 0 |
| 7 | 140 | 0 | 0 | 0 |
| ആകെ | 3820 | 1343.4 | 1394.5 | 2737.9 |

2021-22 സാമ്പത്തികവർഷം വരെ ആകെ 891 ഗുണഭോക്താക്കൾ കരാർ ചമച്ചിട്ടുണ്ട് .(DPR 6,7 ലെ ഗുണഭോക്താക്കൾക്ക് ആദ്യഗഡു അനുവദിച്ചിട്ടില്ല.) ഈ ഗുണഭോക്താക്കളിൽ 519 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 372 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ താഴെ പറയുന്നു.

| ഡി.പി.ആർ | ഗുണ ഭോക്താക്കളുടെ എണ്ണം | കരാർ ചമച്ച ഗുണ ഭോക്താക്കൾ | ആദ്യ ഗഡു കൈപ്പറ്റിയ ഗുണ ഭോക്താക്കൾ | രണ്ടാം ഗഡു കൈപ്പറ്റിയ ഗുണ ഭോക്താക്കൾ | മൂന്നാം ഗഡു കൈപ്പറ്റിയ ഗുണ ഭോക്താക്കൾ | നാലാം ഗഡു കൈപ്പറ്റിയ ഗുണ ഭോക്താക്കൾ /നിർമ്മാണം പൂർത്തീ കരിച്ചവർ |
|---|---|---|---|---|---|---|
| 1 | 100 | 100 | 100 | 100 | 100 | 95 |
| 2 | 328 | 328 | 328 | 326 | 321 | 286 |
| 3 | 206 | 205 | 205 | 198 | 188 | 138 |
| 4 | 140 | 135 | 133 | 107 | 63 | 0 |
| 5 | 4 | 4 | 4 | 2 | 0 | 0 |
| 6 | 144 | 119 | 0 | 0 | 0 | 0 |
| 7 | 35 | 0 | 0 | 0 | 0 | 0 |
| ആകെ | 957 | 891 | 770 | 733 | 672 | 519 |

ഭവനനിർമ്മാണം പൂർത്തികരിക്കാത്ത ഗുണഭോക്താക്കൾ പൂർത്തീകരിക്കാൻ സ്വീകരിച്ച തുടർനടപടികൾ

സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഡി.പി.ആർ I, II, III എന്നവയിലെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത എല്ലാ ഗുണഭോക്താക്കളെയും 2023 മാർച്ച് 31 ന മുമ്പ് പണി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്നും ഡി.പി.ആർ IV, V, VI, VII എന്നീ ഡി.പി.ആറുകളിൽ നഗരസഭാവിഹിതവും കേന്ദ്ര സംസ്ഥാനവിഹിതവും ലഭ്യമാകുന്ന മുറക്ക് നിർമ്മാണപുരോഗതിക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

## 1-45 എൻ .യു .എൽ .എം പദ്ധതി - അവലോകനം

സ്വയം തൊഴിലവസരങ്ങൾ , വിവിധ മേഘലകളിൽ നൈപുണ്യതൊഴിൽ പരിശീലനം എന്നിവ നൽകിക്കൊണ്ട് നഗരപ്രദേശങ്ങളിലെ ദാരിദ്രം ലഘൂകരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കേന്ദ്രാവിഷ്കൃതപദ്ധതിയാണ് നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ. നിലവിൽ ദീൻദയാൽ അന്ത്യോദയയോജന- നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ ( DAY- NULM )എന്നറിയപ്പെടുന്നു

എൻ .യു .എൽ .എം പദ്ധതി പ്രകാരമുള്ള വിവിധ ഘടകങ്ങൾക്കായി 2021 – 22 വർഷത്തിൽ ലഭ്യമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വരവിനം | തുക |
|---|---|---|
| 1 | തെരുവ് കച്ചവടക്കാർക്ക് ഐഡന്റിറ്റി കാർഡ് ഉണ്ടാക്കുന്നതിന് ലഭ്യമായ തുക | 16625 |
| 2 | RO ഫണ്ട് | 17600 |

NULM വഴി നഗരസഭയിൽ നഗരദാരിദ്ര്യ നിർമാർജനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1) അയൽക്കൂട്ട രൂപീകരണം

2) അയൽക്കൂട്ടം പുനർജീവനം

3) അയൽക്കൂട്ടങ്ങൾക്കുള്ള റിവോൾവിങ്ങ് ഫണ്ട്

4) സ്വയംതൊഴിൽ വ്യക്തിഗതം

5) സ്വയംതൊഴിൽ - ഗ്രൂപ്പ്

6) അയൽക്കൂട്ടങ്ങൾക്കുള്ള ലിങ്കേജ് ലോൺ

7) വഴിയോരക്കച്ചവടക്കാരുടെ സർവ്വേ

8) വഴിയോരക്കച്ചവടക്കാരുടെ ടൗൺവെന്റിങ്ങ്കമ്മറ്റി

9) വഴിയോരക്കച്ചവടക്കാർക്കുള്ള ലോൺ ( PM SVANIDHI )

10) വഴിയോരക്കച്ചവടക്കാർക്ക് ക്ളാസ്സ് ( FLC )

11) 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ളവർക്ക് കോഴ്സ് ( EST&P )

കൂടാതെ 22.02.22 ലെ നം 17 / ഡി.സി .1/ 2022/ ത.സ്വ.ഭ,വ പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

- നഗര തെരുവ് കച്ചവട സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്
- തെരുവ് കച്ചവടക്കാർക്ക് വെൻഡിംഗ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ലഭ്യമാക്കിയിട്ടുണ്ട്.
- സ്ട്രീറ്റ് വെൻഡിംഗ് ബൈലോ തയ്യാറാക്കിയിട്ടുണ്ട്.
- തെരുവ് കച്ചവട മേഖലകൾ കണ്ടെത്തി അംഗീകാരം നൽകി വെൻഡിംഗ് സോൺ പ്രഖ്യാപിക്കുന്നതിനും , സ്ട്രീറ്റ് വെൻഡിംഗ് പ്ളാൻ തയ്യാറാക്കി അംഗീകാരം നൽകുന്നതിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ദുർബല വിഭാഗങ്ങളുടെ ഉപജീവന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ കൃത്യമായി മോണിറ്ററിങ്ങ് ചെയ്യുകയും ഫലപ്രാപ്തി ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുൻസിപ്പൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സ് വാടക നൽകിയത്- ശമ്പളത്തിൽനിന്നും വീട്ടുവാടക ബത്ത(HRA) കുറവ് ചെയ്തതിട്ടില്ല.

മുൻസിപ്പൽ സെക്രട്ടറി ശ്രീ എ നൗഷാദിന് (പെൻ നമ്പർ 645745) അനുവദിച്ച ക്വാർട്ടേഴ്സിന്റെ വാടകയായി പ്രതിമാസം 10000 രൂപ വീതം ശ്രീ.എം.ഗോപിനാഥൻ എന്നയാൾക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. തീയതി | ചെക്ക് നം. | തുക |
|---|---|---|
| 22100026/22.04.21 | 237340/22.04.21 | 10000 |
| 22100064/17.05.21 | 237365/17.05.21 | 10000 |
| 22100107/02.06.21 | 237394/02.06.21 | 10000 |
| 22100198/16.07.21 | 582163/16.07.21 | 10000 |
| 22100321/11.08.21 | 582209/11.08.21 | 10000 |
| 22100443/16.09.21 | 178334/16.09.21 | 10000 |
| ആകെ | | 60000 |

G.O.(P) No.7/2016/Fin. Dated 20/01/2016, G.O.(P)No.27/2021/Fin Dated 10/02/2021 എന്നിവ പ്രകാരമുള്ള ശമ്പളപരിഷ്കരണ ഉത്തരവുകളിലെ ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വീട്ടു വാടക ബത്തയ്ക്ക് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സെക്രട്ടറി സ്പാർക്ക് മുഖാന്തിരം ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരനായതിനാൽ മറ്റു റഗുലർ ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിൽ ഉൾപ്പെടുന്നില്ല. ടിയാൻ ചെർപ്പുളശ്ശേരി ജില്ലാ ട്രഷറി മുഖാന്തിരം കൈപ്പറ്റിയ ശമ്പളത്തിൽ വീട്ടുവാടക ബത്ത ഉൾപ്പെടെയാണ് വാങ്ങിയിട്ടുള്ളത് .പേ ബിൽ രജിസ്റ്റർ പ്രകാരം കൈപ്പറ്റിയ ശമ്പളത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | വീട്ടു വാടക അലവൻസ് | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 04/21 | 63700 | 4459 | 3822 | 71981 |
| 05/21 | 63700 | 4459 | 3822 | 71981 |
| 06/21 | 63700 | 4459 | 3822 | 71981 |
| 07/21 | 63700 | 4459 | 3822 | 71981 |
| 08/21 | 63700 | 4459 | 3822 | 71981 |
| 09/21 | 63700 | 4459 | 3822 | 71981 |
| | ആകെ | | 22932 | |

( G.O.(P)No.27/2021/Fin Dated 10/02/2021 പ്രകാരം പരിഷ്കരിച്ച ശമ്പളം )

ശ്രീ നൗഷാദ് എ സെക്രട്ടറിയുടെ ശമ്പള ബില്ലിന്റെ പകർപ്പുകൾ ഹാജരാക്കുന്നതിനും, വീട്ടു വാടക ബത്ത കുറവ് ചെയ്യാതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/25.01.2023) വീട്ടു വാടക ബത്ത നൽകിയത് തിരികെ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

* വീട്ടു വാടക ബത്ത ഇനത്തിൽ കൈപ്പറ്റിയ 22932 രൂപ ശ്രീ നൗഷാദ് എ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

* തുക അടവാക്കുന്നതുവരെ 22932 രൂപ സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

## 3-2 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല

2021-22 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്യതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 282/-രൂപ നിരക്കിൽ ബാരലിന്റെ വില 10434/-/രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും, ഇതിൽ 8556/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും 1878/- രൂപ ജി.എസ്.ടി നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം.,തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (As Per Adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 282/- |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കിഴക്കേ മണ്ണംകുഴി റോഡ് റീടാറിംങ് (പ്രോജ.നം. 200/21-22)<br>കരാറുകാരൻ- ഇസ്മയിൽ ഒ.കെ | 78/15-03-22<br>550000/-<br>94/21-22 | VG-30-2784.64 /156 =17.85<br>RS1-283.33/200 =1.42 | 19x282 = 5358 |
| 2 | S.O.326/21-22— ബസ് സ്റ്റാന്റ് യാർഡ് റീടാറിംങ്<br>കരാറുകാരൻ- ലിയാഖത്ത് അലി | വൗ.നം. 22100598<br>ചെ.നം. 5193583<br>203870/-<br>4/17-18 | VG-30 – 2551.74/156 =16.35<br>RS1-267.77/200 =1.34<br>SS1-32.44/182 =0.17 | 18x282 =5076 |
| | | | ആകെ | 10434/- |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 17.01.203 മുതൽ 31.01.2023 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട് |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപ്രോജക്കുകൾ ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പ്രോജക്ടുകൾക്ക് മുൻകൂറായി തുകകൾ നിക്ഷേപിച്ചിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി (പി.എച്ച് ഡിവിഷൻ ഷൊർണ്ണൂർ) | 277/22 കേരള വാട്ടർ അതോറിറ്റി കുടിവെള്ളവിതരണ ലൈൻ ദീർഘിപ്പിക്കൽ | 1) 198/27.12.2021<br>2)356/02.03.2022<br>3)516/24.03.2022 | 1341000<br>324000<br>962131 | 0 | 2627131 |
| | | ആകെ | 2627131 | | |
| | 323/22 അങ്കണവാടികളിലേക്ക് വാട്ടർ അതോറിറ്റി ലൈനിൽനിന്ന് കുടിവെള്ള കണക്ഷൻ എടുക്കൽ | 532/26.03.2022 | 158464 | 0 | 158464 |

മേൽ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ എന്നിവയുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4200000 രൂപ വരവുണ്ട്. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | PMAY | 4200000 | 75533333 | 6133333 | | 73600000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം വരവൊന്നുമില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയുടെ മുൻവർഷ റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന പരാമർശങ്ങൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 9-5-2018 ന് പരിഗണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ/ ശുപാർശ |
|---|---|---|---|---|---|
| 1999-00 | 3.25 | 2005-06 | 2.54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി | വെറ്റി.സർജ്ജൻ ഡോ. ശശികലാദേവി ബഹു. ഹൈക്കോടതിയിൽ നൽകിയ കേസ് ത്വരിതപ്പെടുത്തി കോടതി വിധി പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. (2014-16, 35th Report Pg-23 Para 44) |
| 2000-01 | 3-24 | 2005-06 | 2.54.2 | മാനവീയം വിഷ്വൽ ഡോക്യുമെന്ററി ലക്ഷ്യം നേടിയില്ല | സർക്കാർ സാധൂകരണം ലഭ്യമാക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കണം. (2014-16, 35th Report Pg-24 Para 46) |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1999-00 | 3-22 | 2005-06 | 2.54.3 | ഡ്രൈനേജ് സെപ്റ്റിക് ടാങ്ക് നിർമ്മാണം പരിധി ലംഘിച്ച് ടെണ്ടർ അധികം | ടെണ്ടർ അധികം അനുവദിച്ചത് ഒഴിവാക്കി.<br>ഈടാക്കേണ്ടത്<br>വിൽപ്പന നികുതി - 27840/-<br>എക്സ്ട്രാ ഐറ്റം വേലകൾക്ക് നൽകിയ ടെണ്ടർ അധികം - 82228/-<br>ഫൈൻ - 48000/- എന്നിവ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. (2014-16, 35th Report<br>Page- 26, 27<br>Para 51,52,53) |
| 2000-01 | 3-22 | 2005-06 | 2.54.4 | വട്ടി, കൊട്ട, പനമ്പ് നിർമ്മാണം ധനസഹായമാക്കി | ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിച്ച് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. (2014-16,35th Report<br>Pg-28 Para 57) |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 32996346 |
| ഓഡിറ്റ് വർഷത്തെ വരവ് | 162884165 |
| ആക | 195880511 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 153751900 |
| നീക്കിയിരിപ്പ് | 42128611 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33366/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 22,932 | ശ്രീ.എ.നൗഷാദ്,<br>സെക്രട്ടറി,<br>ചെർപ്പുളശ്ശേരി നഗരസഭ |
| 3-2 | | 10434 | ശ്രീ.വി.എസ്.ഷിനോജ്,<br>മുനിസിപ്പൽ എഞ്ചിനീയർ - 5076/-രൂപ<br>ശ്രീ.വി.ഹരികൃഷ്ണൻ,<br>മുനിസിപ്പൽ എഞ്ചിനീയർ- 5358/-രൂപ |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക | നഷ്ടമായ | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | തുക | പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 3520/- | ശ്രീ.വി.എസ്.ഷിനോജ്,<br>മുനിസിപ്പൽ എഞ്ചിനീയർ |

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എ.നൗഷാദ്,<br>സെക്രട്ടറി,<br>ചെർപ്പുളശ്ശേരി നഗരസഭ | സെക്രട്ടറി,<br>പുനലൂർ നഗരസഭ | ചാരുവിള<br>പുത്തൻ വീട്,<br>ഭാരതീപുരം<br>പി.ഒ,<br>പാതാടി,<br>കൊല്ലം ജില്ല-<br>691330 |
| ശ്രീ.വി.എസ്.ഷിനോജ്,<br>മുനിസിപ്പൽ<br>എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>ആയവന ഗ്രാമ<br>പഞ്ചായത്ത്, മൂവാറ്റുപുഴ<br>ബ്ലോക്ക് പഞ്ചായത്ത്,<br>എറണാകുളം ജില്ല | വെട്ടിപ്ലായിൽ<br>വീട്,<br>ഏനാനല്ലൂർ<br>പി.ഒ<br>കലമ്പൂർ,<br>മൂവാറ്റുപുഴ,<br>എറണാകുളം<br>ജില്ല |

| | | |
|---|---|---|
| ശ്രീ.വി.ഹരികൃഷ്ണൻ, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, ചെർപ്പുളശ്ശേരി നഗരസഭ | അഷ്ടപദി, കടമ്പഴിപ്പുറം, പാലക്കാട് ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവസാന കത്തിന്റെ വിവരം |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01/11.07.01 | ഫർദർറിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09/23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04 /3.12.2004 | ഫർദർ റിമാർക്സ് |
| 2000-01 | എൽ എഫ് പി 12-1016/06/8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10/28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11/7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8- 507/09/11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2011-12 | എൽ എഫ് പി 12-2362/14/15.05.15 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 12-227/15/07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി. 12/42/2016/21-3-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി.12/134 /2017/4-4-2018 | ഫർദർ റിമാർക്സ് |
| 2016-17 | നം.കെ.എസ്.എ-പികെഡി. 22/2039/2017/4-8-2018 | ഫർദർ റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-പികെഡി.22/641/2019 തിയ്യതി : 17.05.2019 | മുഴുവൻ ഖണ്ഡികകളും |
| 2018-19 | 22/514/2020 തിയ്യതി : 4.6.2020 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ് . എ. പി.കെ.ഡി. 22/1785 /21തിയ്യതി : 18.06.2022 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-22/1661/22 തിയ്യതി-30-07-2022 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം- 3

## വാർഷിക കണക്കുകൾ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Cherpulassery Municipality<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 34725191.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 16591.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2521639.00 |
| 140000000 | Fee & User Charges | I-4(b) | 3719602.00 |
| 150000000 | Sale & Hire Charges | I-5(b) | 410810.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 190371523.00 |
| 171000000 | Interest Earned | I-8 | 602580.00 |
| 180000000 | Other Income | I-9 | 17224.00 |
| | Total Income | | 232385160.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 22460957.00 |
| 220000000 | Administrative Expenses | I-11(b) | 7849052.00 |
| 230000000 | Operations & Maintenance | I-12(b) | 12501753.00 |
| 240000000 | Interest & Finance Charges | I-13 | 19530.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 122667896.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 17056135.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 5796009.00 |
| 253000000 | Decentralised Plan | I-14 | 4877703.00 |

| | | | |
|---|---|---|---|
| | Programme-Projects not included in Sector Division | | |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 165364.00 |
| 272000000 | Depreciation | I-17(a) | 6184060.00 |
| | Total Expenditure | | 199578459.00 |
| | Gross Surplus / Deficit of income over Expenditure | | 32806701.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -9725131.00 |
| | Net difference (Prior period Income - Prior period Expenditure) | | 42531832.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Cherpulassery Municipality
RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 32996346.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2587068.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 16591.00 |
| 130000000 | Rental income from Panchayat Properties | RP-3 | 11176.00 |
| 140000000 | Fees & User Charges | RP-4 | 1900446.00 |
| 150000000 | Sale & Hire Charges | RP-5 | 410810.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 94133659.00 |
| 171000000 | Interest Earned | RP-8 | 602580.00 |

| | | | |
|---|---|---|---|
| 180000000 | Other Income | RP-9 | 5476.00 |
| 310000000 | Panchayat Fund | RP-21 | 356787.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 43510854.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 10072483.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2204595.00 |
| 330000000 | Secured Loans | RP-25 | 4200000.00 |
| 340000000 | Deposits Received | RP-27 | 223470.00 |
| 350000000 | Other Liabilities | RP-29 | 2343097.00 |
| 460000000 | Loans, Advances and Deposits | RP-41 | 305073.00 |
| | Grand total | | 195880511.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 6796379.00 |
| 220000000 | Administrative Expenses | RP-11 | 3052547.00 |
| 230000000 | Operations & Maintenance | RP-12 | 11444493.00 |
| 240000000 | Interest & Finance Charges | RP-13 | 19530.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 28912475.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 19606672.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 7028850.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 4877703.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 165364.00 |
| 350000000 | Other Liabilities | RP-29 | 11306935.00 |
| 430000000 | Stock-in-hand | RP-36 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-37 | 12565959.00 |
| | Non Operating | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 32250.00 |
| 311000000 | Earmarked Funds | RP-22 | 5006.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2498953.00 |
| 340000000 | Deposits Received | RP-27 | 586431.00 |
| 350000000 | Other Liabilities | RP-29 | 29873054.00 |
| 410000000 | Fixed Assets | RP-31 | 10189616.00 |
| 412000000 | Capital work in Progress | RP-33 | 600000.00 |
| 460000000 | Loans, Advances and Deposits | RP-41 | 4189683.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 38742557.00 |
| Cash | Cash | RP-40(b) | 3386054.00 |
| | Grand Total | | 195880511.00 |

Cherpulassery Municipality BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 83753580.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2476147.00 |
| 312000000 | Reserves | B-3 | 97373468.00 |
| | Total Reserve & Surplus | | 183603195.90 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 13714383.00 |
| | Total Grants, Contributions for Specific Purposes | | 13714383.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 73600000.00 |
| | Total Loans | | 73600000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2488889.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 7888323.00 |
| 360000000 | Provisions | B-10 | 0.0 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 10377212.00 |
| | TOTAL LIABILITIES | | 281294790.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 145743201.00 |
| 411000000 | Accumulated Depreciation | B-11 | -23942039.00 |
| 412000000 | Capital Work in Progress | B-11 | 2446207.00 |
| | Total Fixed Assets | | 124247369.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 33395720.90 |
| 440000000 | Pre-paid Expenses | B-16 | 73600000.00 |
| 450000000 | Cash and Bank Balance | B-17 | 42128611.00 |
| 460000000 | Loans, Advances and Deposits | B-18 | 7923090.00 |
| | Total Current Assets, Loans and Advances | | 157047421.90 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 281294790.90 |

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ